# അക്ഷരക്കഷായം



മാത്ര:

ഡോക്ടറെ കാണുന്നതിനു മുമ്പ് ഒരുനേരം

കണ്ടതിനുശേഷം മൂന്നുനേരം

# അഥ അക്ഷരക്കഷായം

**ആ**രെങ്കിലുമൊക്കെ പറഞ്ഞുകേട്ട് വന്നിട്ടുള്ളവരായിരിക്കും, ഇവിടെ നിൽക്കുന്നവരിൽ കൂടുതൽപേരും. ബന്ധുക്കളോ, പരിചയക്കാരോ, ഇവിടെ വന്നിട്ട് രോഗം മാറി എന്ന് കേട്ട്, അതിൽ അന്ധമായി വിശ്വസിച്ച് ചാടി പുറപ്പെടും. ഇവിടെ വന്നുകൊണ്ട് മാത്രം രോഗം മാറില്ല. പല ആളുകളും സ്വാമിയെ പോയിക്കാണുന്നു എന്നറിയുമ്പോൾ, സ്വാമി ഏതോ സിദ്ധികൊണ്ട് രോഗം ഒപ്പിയെടുക്കും, നുള്ളിയെടുക്കും എന്നൊക്കെ വിചാരിക്കാനിടയുണ്ട്. അതൊന്നും സത്യമല്ല. യാതൊരു സിദ്ധി കൊണ്ടുമല്ല അസുഖം തീർത്തു പോകുന്നത്. നിങ്ങൾ നല്ലതു പോലെ ശ്രമിച്ചാലെ നിങ്ങളുടെ രോഗം മാറൂ.

നിങ്ങൾ പഠിച്ചിരിക്കുന്ന വിദ്യാഭ്യാസം വച്ചു വൈറസ്സും, ബാക്ടീരിയായും, അമീബയും, മൈക്രോബുമൊക്കെയാണ് രോഗങ്ങൾ ഉണ്ടാക്കുന്നത്. ഇരുനൂറ് വർഷമായി ലോകമെമ്പാടുമുള്ള പഠനവും ഗവേഷണവും നടക്കുന്നത് ഈ വഴിയിലാണ്. ഓരോ രോഗവും ഉണ്ടാക്കുന്ന വൈറസ്സിനെ കണ്ടെത്തുക. അതിനെ ഇല്ലായ്മ ചെയ്യാനുള്ള മരുന്ന് കണ്ടുപിടിച്ച് രോഗിക്കു കൊടുക്കുക. എന്നിട്ട് രോഗം മാറുമെന്ന് വിശ്വസിച്ചിരിക്കുക. ഇതാണ് ഇന്ന് നടന്നു വരുന്ന പണി. അതനുസരിച്ചുള്ള പേറ്റന്റ് മരുന്നുകൾ ഓരോരുത്തരും കണ്ടു പിടിക്കുന്നു എന്നാണ് വയ്പ്. അതുപോലെ ലുക്കിമിയായ്ക്കും കാൻസറിനും, എച്ച്.ഐ.വി. യ്ക്കുമൊക്കെയുള്ള പേറ്റന്റ് മരുന്നു എന്തോ സ്വാമി കണ്ടുപിടിച്ച് വച്ചിട്ടുണ്ട്. അതങ്ങ് മേടിച്ച് കഴിച്ചാൽ മതി. രോഗം പൊയ്ക്കോളും എന്നൊക്കെ കേട്ടിട്ടുണ്ടെങ്കിൽ അതൊക്കെ കള്ളത്തരമാണ്. ഇവിടെ ഒരു പേറ്റന്റ് മരുന്നും ഇല്ല. നിങ്ങളിൽ ബുദ്ധിയുള്ളവർക്ക് ഈ കാര്യം വേഗത്തിൽ മനസ്സിലാകും. എല്ലാവരുടേയും രോഗം മാറ്റാൻ പറ്റുന്ന ഏതെങ്കിലും പേറ്റന്റ് മരുന്ന് കണ്ടുപിടിച്ചിട്ടുണ്ടെങ്കിൽ അതിന്റെ റോയൽട്ടി ഒന്നു കൊണ്ടു മാത്രം കോടികൾ ഉണ്ടാക്കാം. ആ പേറ്റന്റ് പണി എനിക്കില്ല.

ഇവിടെ ചെയ്യുന്നത് ആയുർവ്വേദത്തിന്റെ അടിസ്ഥാന സങ്കൽപ്പത്തിലുള്ള ചികിത്സയാണ്. ആയുർവ്വേദത്തെ സംബന്ധിച്ചിട ത്തോളം ഏറ്റവും അടിസ്ഥാനമായി പ്രായശ്ചിത്തമാണ് ചികിത്സ.

രണ്ടാമതായി പഥ്യമാണ് ചികിത്സ. പിന്നെ ശമനമാണ് ചികിത്സ. വീണ്ടും, സുഖസാധകമാണ് ചികിത്സ. ഇങ്ങനെ ചികിത്സ എന്തൊക്കെയാണെന്ന് ആയുർവ്വേദം പറഞ്ഞിട്ടുണ്ട്.

അതിൽ ഒന്നാമത്തേത് പ്രായശ്ചിത്തമാണ്.

ആയർവ്വേദമനുസരിച്ച് പൂർവ്വജന്മകൃതമായ പാപങ്ങളാണ് രോഗമായി വരുന്നത്. അത് പ്രായശ്ചിത്തം കൊണ്ടല്ലാതെ മാറില്ല. അതിന് വളരെ മര്യാദയുള്ള ജീവിതം നയിക്കണം. അല്ലാതെ കാശു കൊണ്ടൊന്നും ഓടിനടന്നാൽ രോഗം പോവില്ല. അതിന് വേണ്ടുന്ന വിനയവും സൗശീല്യവുമൊക്കെ വന്നില്ലെങ്കിൽ ഞാൻ മരുന്ന് തന്നതുകൊണ്ടോ നിങ്ങൾ ലക്ഷങ്ങൾ മുടക്കിയതു കൊണ്ടോ പത്തു പൈസയുടെ പ്രയോജനം കിട്ടില്ല. എന്നോ‌യോ ബാക്കി വൈദ്യൻ മാരേയോ അതിന് നിങ്ങൾക്ക് കുറ്റം പറയാമെന്നല്ലാതെ രോഗം മാറില്ല. ഇതിന് എത്ര വേണമെങ്കിലും തെളിവ് നിങ്ങൾക്ക് മുന്നിൽ ഉണ്ട്.

ഇന്ന്, നിങ്ങൾ വിവാഹം കഴിച്ചാൽ ഭാര്യയും, ഭർത്താവും ആദ്യമേ ഒരു ഡോക്ടറെപ്പോയി കാണും. നിങ്ങളെ അവർ നൂൽബന്ധമില്ലാതെ നിർത്തി മുഴുവൻ അവയവങ്ങളും ബാഹ്യമായും ആന്തരികമായും നേരിട്ടും ഉപകരണങ്ങളിലൂടെയും പരിശോധിക്കും. എന്നിട്ട് മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യും. അതു കഴിക്കും. ഗർഭിണിയാകും. ഗർഭിണിയായി ക്കഴിഞ്ഞാൽ ഓരോ ആഴ്ചയിലും വീണ്ടും പരിശോധനയുണ്ടാകും. മരുന്ന് എഴുതും. അതും കഴിക്കും. ആശുപത്രിയിൽ തന്നെ പ്രസവിക്കും. വീട്ടിൽ പ്രസവിക്കാൻ പേടിയാണ്. ബാക്ടീരിയായും, അമീബയുമൊക്കെ വീട്ടിലുണ്ട്. ആശുപത്രിയിലെ സ്റ്റെറിലൈസ്ഡ് ഓപ്പറേഷൻ തിയ്യേറ്ററിൽ, ഒന്നിലധികം പ്രഗത്ഭരായ ഡോക്ടർമാരുടെ സാന്നിദ്ധ്യത്തിൽ നിങ്ങളുടെ ഭാര്യയോ മകളോ പ്രസവിക്കും. പിറന്നതു മുതൽ കുട്ടികൾക്ക് രോഗം! ശാസ്ത്രം ഇത്രയും വികസിച്ച കാലത്ത്, ഇത്രയും പ്രഗത്ഭരായ ഡോക്ടർമാർ വേണ്ടതൊക്കെ ചെയ്തിട്ടും കുഞ്ഞിനു രോഗമുണ്ടായി. അങ്ങനെ വരാൻ പാടില്ലാത്തതാണ്. ഞാൻ പറയുന്നത് ശരിയല്ലേ? നിങ്ങൾ അനുഭവസ്ഥരാണ്. നിങ്ങൾക്ക് ഇതു ശരിയാണോ തെറ്റാണോ എന്ന് പറയാൻ കഴിയും.

ഞാനറിയുന്നിടത്തോളം ഇന്ന് ഒരിക്കലോ, പിന്നെ ഒരു തവണ കൂടിയോ മാത്രമാണ് കേരളത്തിലുള്ള സ്ത്രീകൾ പ്രസവിക്കുന്നത്. പ്രസവിച്ച കുട്ടിക്കും രോഗം. തള്ളയ്ക്കും രോഗം!

ഇതിനൊരു രണ്ടാം ഭാഗമുണ്ട്.

ഒരു അമ്പതു കൊല്ലം മുമ്പ്, വേണ്ട, ഒരിരുപത്തിയഞ്ചു കൊല്ലത്തിനപ്പുറം പോലും, ഏതു വീട്ടിൽ ചെന്നാലും എൺപതു തൊണ്ണൂറ് വയസ്സുള്ള ഒരു വല്യമ്മ മാറുമറയ്ക്കാതെ ഒരു തോർത്തു മാത്രം ഉടുത്ത് വീടിന്റെ അറ്റത്തെങ്ങാനും ഇരിപ്പുണ്ടാകും. കൊച്ചുപിള്ളേർ അവരുടെ മടിയിൽ കളിച്ചുകൊണ്ടിരിക്കും. ഇടയ്ക്കിടെ, അമ്മയെ കിട്ടിയില്ലെങ്കിൽ, പാലില്ലെങ്കിലും അവരുടെ മുല തന്നെ വലിച്ചു കുടിക്കുകയും ചെയ്യും. ഈ ചിത്രം നിങ്ങളിൽ പ്രായം ചെന്നിട്ടുള്ളവർ കണ്ടിട്ടുണ്ടാകും. അവരുടെ മകളായി, ഒരു എഴുപതുകാരി, തൊട്ടിപ്പുറത്ത് മുണ്ടുമുടുത്തിരുപ്പുണ്ടാകും! തോർത്തിനു പകരം അവർ മുണ്ടാക്കിയിട്ടുണ്ടാകുമെന്നു മാത്രം. മാറൊന്നും അവരും മറച്ചിട്ടില്ല. നൽപ്പത്തിയഞ്ച് അമ്പത് വയസ്സുള്ള അവരുടെ മകൾ മുണ്ടും ബ്ലൗസുമൊക്കെ ധരിച്ച് തൊഴുത്തിലും മുറ്റത്തുമായി നടക്കുന്നുണ്ടാകും. അതിനു താഴെയൊരു പെണ്ണ്, കുട്ടിയേയുമെടുത്ത് വീട്ടുജോലിയും നോക്കി അകത്തെവിടെയെങ്കിലും ഉണ്ടാകും. കുറഞ്ഞത് നാലു തലമുറ ചേർന്നതായിരുന്നു അന്നൊക്കെ ഒരു വീട്. ഇത് അതിശയോക്തി യാണെന്നു ബോദ്ധ്യമുള്ള ആർക്കുമെന്നെ തല്ലാം.

ഞാൻ ഈ പറഞ്ഞ കാലഘട്ടത്തിലൊന്നും ഇത്രയും ആശുപത്രികൾ ഇല്ല. കത്രിക വെയ്പ്പൊന്നും ഇത്രയും വളർന്നിട്ടില്ല. പതിനായിരക്കണക്കിന് ആളുകൾ എം.ബി.ബി.എസ്സും, എം.ഡി.യും, ബി.എ.എം.എസ്സും, ബി.എച്ച്.എം.എസ്സും, ഡി.എച്ച്.എം.എസ്സും, നാച്യുറോപ്പതിയും, യോഗയുമൊന്നും എടുത്തു ഡോക്ടർമാരായിട്ടില്ല. ഇത്രയും സ്പെഷ്യാലിറ്റി ആശുപത്രികൾ മുട്ടിനു മുട്ടിനില്ല. സാധാരണ ആശുപത്രികൾ പോലും കുറവ്. അന്നത്തെ ചിത്രമാണീ പറഞ്ഞത്.

പലപ്പോഴും അമ്മ, മകൾ പ്രസവിച്ച് കഴിഞ്ഞ് ഒന്നുകൂടി പ്രസവിക്കും. അതുകൊണ്ട് മകളുടെ കുട്ടി 'അമ്മാവൻ' എന്നു വിളിക്കണോ, അമ്മയുടെ കുട്ടി അനന്തരവനെ 'ചേട്ടാ' എന്നു വിളിക്കണോ എന്ന പ്രശ്നം വരും. ഇത് അതിശയോക്തിയൊന്നുമല്ല. അന്ന് സ്ത്രീകളെ സംബന്ധിച്ചിടത്തോളം, അവർക്കും പ്രഷറോ, ഹാർട്ടോ, ഷുഗറോ, കാൻസറോ ഒന്നും തന്നെ കാര്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ എമ്പതും തൊണ്ണൂറുമൊക്കെ എത്തിക്കഴിയുമ്പോഴും ബ്രസ്റ്റൊക്കെ ഇങ്ങിനെ തൂങ്ങിക്കിടക്കും എന്നല്ലാതെ അതിലെങ്ങും ഒരു മുഴയുമില്ല.

ഇന്ന് ഇക്കണ്ട മരുന്നൊക്കെ കഴിച്ച് ചികിത്സ ചെയ്തിട്ടും 80% സ്ത്രീകളിലും ഒരു ബ്രെസ്റ്റ് അല്ലെങ്കിൽ രണ്ടും റിമൂവ് ചെയ്യണം എന്നാണ് സ്ഥിതി. വെറെയുമുണ്ട് അസുഖങ്ങൾ. സെർവ്വിക്സിൽ കാൻസർ! ഓവറിയിൽ കാൻസർ. യൂട്ടറസ്സിൽ കാൻസർ! മുപ്പത്തിയഞ്ചു വയസ്സ് കഴിയുമ്പോൾ സ്ത്രീകൾ കുറ്റിയറ്റുപോവുകയാണ്.

പലയിടത്തും പുരുഷൻമാർ ഭാര്യ മരിച്ചിട്ടും ജീവിച്ചിരിക്കുന്നത് ഇന്നു കാണാം. പണ്ട് കാലത്ത് തിരിച്ചാണ്. പുരുഷൻ മരിച്ചിട്ട് സ്ത്രീ ജീവിച്ചിരിക്കുന്ന കാഴ്ചയാണ് കാണുക.

പലകുടുംബങ്ങളിലേയും ആണിക്കല്ലായ കുട്ടികൾ ജോലി കിട്ടാറുകുമ്പോഴാണ് സർക്കോമയും, ബ്രെയിൻ കാൻസറും, ഗ്ലയോമയും, മിക്സ്ഡ് ഗ്ലയോമയും, ആസ്ട്രോസൈറ്റോമയും, ലുക്കീമിയായും വന്ന് പെട്ടെന്നു ഭൂമുഖത്ത് നിന്ന് പോകുന്നത്. രോഗത്തെ നിയന്ത്രണത്തിലാക്കുന്തോറും, രോഗം കുറയുകയല്ലാ എന്ന് നമുക്ക് കാണേണ്ടിവരുന്നു.

പണ്ട് ഇന്നത്തെ ഗൈനക്കോളജിസ്റ്റിന്റെ സ്ഥാനത്ത് വയറ്റാട്ടി യായിരുന്നു. പതിച്ചി എന്നു ചിലടത്തൊക്കെ പറയും. വീട്ടിലെ വിവാഹം കഴിഞ്ഞ കുട്ടി, വീട്ടുകാരോടൊത്തു പണിയെടുത്തു പോകുന്ന തിനിടയിൽ ഒരു ദിവസം ഗർഭിണിയാകും. വീട്ടിൽ അറിയാവുന്ന വല്ലവരും ഉണ്ടെങ്കിൽ ഒരു പാൽക്കഷായമോ മറ്റോ വച്ചു കൊടുക്കും. പ്രസവവേദനയാകുമ്പോൾ വയറ്റാട്ടിയെ വിളിച്ചു കൊണ്ടുവരും. കാര്യമായ വിദ്യാഭ്യാസ മൊന്നും ഇല്ലാ ത്ത ഒരു സ്ത്രീയാണവൾ. കക്കാനീറ്റലോ, കുമ്മായമിടിക്കലോ ആയിരിക്കും അവളുടെ പണി. ജാതിയിലും തീരെക്കുറഞ്ഞവളായിരിക്കും. സവർണ്ണനായാലും അവർണ്ണനായാലും, പണക്കാരനായാലും ദരിദ്രനായാലും അവളാണ് ഗൈനക്കോളജിസ്റ്റ്! ചെയ്യുന്ന പണി ഒന്നായതു കൊണ്ട് രണ്ടുപേർക്കും ഒരുപേര് പോരേ?

അവൾ ഓടി വന്നു കയ്യും കാലും ഒന്നു വൃത്തിയായി കഴുകി, ഉടുത്ത തോർത്തു പോലും മാറ്റി ഉടുക്കാതെ പേറ്റുനോവുകാരിയുടെ മുറിയിൽ കയറി കതകടയ്ക്കും.

അന്നത്തെ വൈദ്യൻമാരൊക്കെ ഇങ്ങനെയാണ്. ആരുടേയും ഉള്ളിൽ കയറിയൊന്നും പരിശോധിക്കാറില്ല. ചികിത്സയുടെ ഭാഗമായിട്ട് ആവശ്യമായി വരുമ്പോൾ ചെല്ലും. നേരെയൊന്നു നോക്കും. വേണ്ടത്

ചെയ്യും. അതിനപ്പുറമില്ല. പരിശോധനയൊക്കെ മിനിമമാണ്.

വയറ്റാട്ടി അകത്തു കയറി കതകടച്ചു. കുട്ടി പ്രസവിച്ചു. നല്ല ആരോഗ്യമുള്ള കുട്ടികൾ. ഇങ്ങനെ മിനിമം നാല്, മാക്സിമം പതിനെട്ട്! പണ്ട് കാലത്ത് പെണ്ണു പ്രസവിക്കുന്ന കണക്കാണ്.

കുട്ടികൾക്ക് കാര്യമായ രോഗമൊന്നും ഉണ്ടാകാറില്ല. വല്ല പനിയോ മറ്റോ വന്നാൽ, തള്ള ഒരു കട്ടൻ കാപ്പിയും മൊരിച്ച റൊട്ടിയും കൊടുത്തു പുതപ്പിച്ചു കിടത്തി അതങ്ങ് മാറ്റും. ഇല്ലെങ്കിൽ ഒരു പൊടിയരിക്കഞ്ഞിയിൽ അതു മാറും. ഇന്ന് ഈയൊരു പനി വന്നാൽ പത്തു ആശുപത്രിയിൽ കയറിയിറങ്ങി ഒടുവിൽ തെക്കുപുറത്തെ പറമ്പിൽ കുഴിച്ചിടും. മരുന്നുകൾ കൊണ്ട് മാറുമായിരുന്നെങ്കിൽ ലോകത്ത് ഏറ്റവും അധികം മരുന്നുകളും, ഏറ്റവും അധികം മെഡിക്കൽ കമ്പനികളും, ഏറ്റവും അധികം ആശുപത്രികളും ഉള്ള കാലത്താണ് ഇന്ന് നാം ജീവിക്കുന്നത്. പക്ഷേ ലക്ഷങ്ങൾ ഇറങ്ങിപ്പോവുകയും, കുടുംബം പട്ടിണിയാവുകയും, രോഗി നരകയാതന അനുഭവിച്ച് മരിക്കുകയും ചെയ്യുന്നതാണ് ഇന്നു കാണുന്ന കാഴ്ച. പണ്ട് കാലത്ത് എന്തായാലും ഇത്രയും നരകിച്ചു കിടക്കുന്ന കാഴ്ച ഇല്ലെന്നാണ് എന്റെ ഓർമ്മ. നിങ്ങളിൽ പ്രായമുള്ളവർക്ക് എന്ത് പറയാനുണ്ട്?

ആശുപത്രിയിൽ പോകുന്നതുകൊണ്ട് ഇന്നുള്ളമെച്ചം അവിടെ ചെന്നാൽ നരകയാതന അനുഭവിച്ച് കഴിയുന്ന അനേകം പേരെ ഒന്നിച്ചു കാണാം. ദയനീയമാണ് ആ കാഴ്ച.

പണം കൊണ്ടും മരുന്നുകൊണ്ടും രോഗം മാറുമെങ്കിൽ ഇപ്പോൾ മാറുന്ന പോലെ ഒരു കാലത്തും മാറില്ല. അതു മാറില്ല എന്ന് ഇപ്പോൾ ബോദ്ധ്യമായി? പണം ചെലവാക്കിയിട്ടും മരുന്നു കൊടുത്തിട്ടും രോഗി മരിക്കുന്നു.

പണ്ട് സ്ത്രീകൾക്കില്ലാത്ത രോഗങ്ങളെല്ലാം ഇന്ന് സ്ത്രീകൾക്കു കൂടുതലാണ്. പുരുഷൻമാർക്കു കുറച്ച് കുറഞ്ഞിട്ടുണ്ട്. ഹാർട്ടറ്റാക്കും, ഡയബെറ്റിസും, പ്രഷറും ഒക്കെ പണ്ട് പുരുഷന്മാർക്കേ വന്നിരുന്നുള്ളൂ. ഇന്ന് അതൊക്കെ ചെറുപ്പക്കാരായ പുരുഷന്മാരുടെ ഇടയിൽ കുറഞ്ഞു. എന്തേ ഈ മാറ്റം? അതു പഠിച്ചാൽ രോഗം മാറുന്നത് എങ്ങിനെയാണെന്നു നിങ്ങൾക്ക് മനസ്സിലാകും. അതു നന്നായി മനസ്സിലാക്കിയാൽ മതി മരുന്നു

മേടിക്കാതെ തന്നെ പോയി രോഗം മാറ്റാം. പോരാത്തതിന് ഒരൽപ്പം മരുന്നു കഴിക്കണം.

മരുന്നല്ല പ്രധാനം.

പണ്ട് അയൽപക്കക്കാരോട് അതിർത്തി തർക്കമുണ്ടാക്കുക, ഭാര്യയുടെ അച്ഛനോടും, തന്റെ അച്ഛനമ്മമാരോടും ഭാഗം വയ്പ്പിക്കാൻ വേണ്ടി വഴക്കുണ്ടാക്കുക; കാണുന്നവരോടൊക്കെ ഏറ്റുമുട്ടുക; കുട്ടികളെ തല്ലുക; ശാസിക്കുക; പള്ളിക്കൂടത്തിൽപ്പോയി മാർക്ക് കുറഞ്ഞാൽ ചോറു കൊടുക്കാതിരിക്കുക, ഇറക്കി വിടുക; തെറ്റിനു ശിക്ഷിക്കുക; പെൺമക്കൾക്കു ചെറുക്കനെ കണ്ടുപിടിക്കുക, വിവാഹത്തിനു സജ്ജീകരണങ്ങൾ നടത്തുക; വസ്തു വാങ്ങുക, കൊടുക്കുക, പലിശ മേടിക്കുക, കടം വാങ്ങുക, കടം കൊടുക്കുക, വീടു വയ്ക്കുക, അതിന്റെ സംഭാരങ്ങൾ ഒരുക്കുക, പണിക്കാരെ നിർത്തുക, അവരോട് മല്ലടിച്ചു പണി ചെയ്യിപ്പിക്കുക ഇതെല്ലാം പുരുഷനാണ് ചെയ്തിരുന്നത്.

അന്ന് ഒരു വണ്ടിയിൽ കയറിയാൽ ടിക്കറ്റെടുക്കുന്നത് പുരുഷനാണ്. പുരുഷന്റെ കയ്യിലാണ് പണസഞ്ചി. വീട്ടിലെ വരവ് ചെലവ് നോക്കുന്നത് പുരുഷനാണ്. ശരിയാണോ ആവോ?

പുതിയ ചെറുപ്പക്കാർക്ക് ഞാനീ പറയുന്നത് കേട്ടിട്ട് കഥ പറയുകയാണോ എന്നു തോന്നുന്നു. അല്ലെ? നിങ്ങളുടെ മുഖത്തെ അത്ഭുതം കാണുമ്പോൾ എനിക്കതു മനസ്സിലാകുന്നുണ്ട്. സംശയിക്കണ്ട. പണ്ട് അങ്ങിനെയായിരുന്നു. അല്ലെങ്കിൽ ഇവിടെയുള്ള വയസ്സന്മാർ പറയട്ടെ.

ഇന്ന് അങ്ങിനെയല്ല. അതെനിക്കു സമ്മതമാണ്. പക്ഷെ പണ്ട് അങ്ങിനെയായിരുന്നു.

അന്ന് സ്ത്രീ കുട്ടിയെ കുളിപ്പിക്കുക; കുട്ടിക്ക് മുല കൊടുക്കുക, ഭർത്താവിനെയും കുടുംബത്തിനേയും പരിചരിക്കുക, വരുന്നവർക്ക് നല്ല ആഹാരം ഉണ്ടാക്കി കൊടുക്കുക, അയൽപക്കവുമായി സ്നേഹത്തിൽ കഴിയുക, ഭർത്താവ് വല്ല വഴക്കുമുണ്ടാക്കിയാൽ 'മനുഷ്യാ നിങ്ങളൊന്നടങ്ങ്' എന്ന് പറഞ്ഞ് സമാധാനിപ്പിക്കുക, ശാന്തനായി ഇരുത്തുക, കുട്ടിക്ക് അടി കിട്ടാതെ നോക്കുക, വഴക്കു കിട്ടിയ കുഞ്ഞിന്റെ മനസ്സ് ആറ്റുക, വിനയവും സൗശീല്യവും ജീവിച്ചു കാണിക്കുക ഒക്കെയാണ് ചെയ്തു പോന്നത്.

നന്മയുള്ള ഒട്ടേറെക്കാര്യങ്ങൾ വേറെയും അന്ന് അവരുടെ പോർട്ട്ഫോളിയോയിൽ ഉണ്ടായിരുന്നു. അയൽപ്പക്കത്തെന്തെങ്കിലും വിശേഷം വന്നാൽ ചെന്ന് സഹായിക്കുക. പാത്രങ്ങളും മറ്റ് സാധനങ്ങളും കുറവുണ്ടെങ്കിൽ ആരുമറിയാതെ കൊണ്ട് കൊടുക്കുക. തന്റെ വീട്ടിൽ എന്തെങ്കിലും വിശേഷം ഉണ്ടായാൽ അതിന്റെ പങ്ക് എത്തിച്ചുകൊടുക്കുക. ചക്കയോ, മാങ്ങയോ, കാച്ചിലോ, കിഴങ്ങോ മറ്റോ ഉണ്ടായാൽ അതിൽ ഒരു പങ്ക് നൽകുക. ചീരയും വെണ്ടയുമൊക്കെ നടുമ്പോൾ വിഷം കലർത്തിയിടുന്നതിന് പകരം ഉറുമ്പിനും മറ്റു ജീവികൾക്കും മുറിയരിയിട്ട് കൊടുക്കുക. പശുവിനെയും കോഴിയേയുമൊക്കെ സ്വന്തം മക്കളേപ്പോലെ നോക്കുക. ഇങ്ങനെ ജീവിതത്തിൽ സ്ത്രീകൾ ചെയ്യുന്ന കർമ്മങ്ങളിലൊക്കെ മൊത്തത്തിൽ ഒരു നന്മയുടെ അംശമുണ്ടായിരുന്നു.

ഇന്ന് സ്ത്രീയുടെ പണിയൊക്കെ മാറി. ഇപ്പോൾ പണശ്ശീല കൊണ്ടു നടക്കുന്നത് സ്ത്രീയാണ്. ബസ്സിൽ കയറിയാൽ ടിക്കറ്റെടുക്കുന്നതവളാണ്. കല്യാണം നിശ്ചയിക്കുക, കുട്ടിയെ മാർക്ക് കുറഞ്ഞാൽ വീടിന് പുറത്തിറക്കി നിർത്തുക, അടിക്കുക, ബഹളം വയ്ക്കുക, ഉള്ള എല്ലാ ടെൻഷനിലും ചെന്നു ചാടുക ഒക്കെ സ്ത്രീയാണ് ചെയ്യുന്നത്.

പണ്ട് സ്ത്രീ കൊച്ചിനെ എടുത്ത് വരുന്നതും പുരുഷൻ മുന്നിൽ നടക്കുന്നതും, ഒപ്പം നടന്നാൽ എത്താതെ വിഷമിക്കുന്നതും പല വഴിയിലും കാണാമായിരുന്നു. ഇന്നോ? സ്ത്രീ ചെറിയൊരു ബാഗും തോളിൽ തൂക്കി മുമ്പേ നടക്കും. പുരുഷൻ പെട്ടിയും, വടിയും, കുടയുമൊക്കെയായി കൊച്ചിനെയും തോളിലിട്ട് പുറകെ ചെല്ലും. ഈ ചിത്രം ഇന്ന് എവിടെയും കാണാം. ഓട്ടോറിക്ഷാ പിടിച്ച് ഇവിടെ വന്നിറങ്ങിയാൽ തന്നെ, ഓട്ടോറിക്ഷാക്കാരന് പൈസ കൊടുക്കുമ്പോൾ വഴക്കുണ്ടാക്കുന്നത് സ്ത്രീയാണ്. പുരുഷനാണ് അപ്പോൾ പറയുക 'നീയൊന്നടങ്ങ്'. ഇന്നു രാവിലെയും ഒരെണ്ണം ഞാൻ കണ്ടു. എന്നിട്ട് രോഗം മാറണമെന്ന് ആഗ്രഹിച്ചാൽ മാറുമോ?

ഏതു റെയിൽവേസ്റ്റേഷനിൽ നിന്നും കേരളത്തിനു പുറത്തേക്കു പോകുന്ന ട്രെയിൽ കയറിയാലും വേറൊരു കാഴ്ച നിങ്ങൾക്ക് കാണാം. ചെറുപ്പക്കാരികളായ പെൺകുട്ടികൾ, കുട്ടികൾക്ക് മുല കൊടുക്കാൻ പാടില്ലാത്ത വിധം വസ്ത്രങ്ങളു മണിഞ്ഞ്, പതിനഞ്ചു രൂപാ കൊടുത്താൽ പത്തു മാസികകൾ കിട്ടുന്നത് വാങ്ങി, ഓരോന്നും മാറിമാറി

വായിച്ച് കൊണ്ട് മലർന്നു കിടക്കും. ഇപ്പുറത്ത് കൊച്ചിനെയും കളിപ്പിച്ച് കൊണ്ട് ഭർത്താവ് ഇരിക്കും. അഞ്ചും ആറും അക്കം ശമ്പളം മേടിക്കുന്ന സോഫ്റ്റ്‌വെയർ എഞ്ചിനീയറോ, എം.ബി.എ.ക്കാരനോ അയിരിക്കും കക്ഷി. കൊച്ച് കരഞ്ഞാൽ അതിനേയുമെടുത്തു കമ്പാർട്ടുമെന്റിലൂടെ തെക്ക് വടക്ക് നടക്കും ആയാൾ. കൊച്ചൊന്നു കരച്ചിൽ നിർത്തിക്കിട്ടണ്ടേ. വായനയിൽ ലയിച്ചിരിക്കുന്ന പെൺകുട്ടി തലപൊക്കി നോക്കുന്ന പ്രശ്നമേയില്ല. സിനിമാക്കാരുടെയും, രാഷ്ട്രീയക്കാരന്റെയും ഇക്കിളിക്കഥകൾ വായിച്ച് രസിക്കുമ്പോൾ ശല്യമാകാതിരിക്കാനാണ് കണവൻ കൊച്ചിനെയും എടുത്ത് കൊണ്ടുപോകുന്നത്.

ഫെമിനിസം വളർന്നപ്പോൾ ഉണ്ടായ ഒരു പ്രയോജനമാണിത്. അതുകൊണ്ട് ഒരു ഗുണമുണ്ടായി.

ആ കുട്ടിയെ പരിചരിക്കുമ്പോൾ, താലോലിക്കുമ്പോൾ, ആയാൾ പ്രത്യേകമായൊരു ഭാവം കൈവരിക്കുന്നുണ്ട്. കുട്ടിയെ കുളിപ്പിക്കുന്നത് അയാളാണ്. കക്കൂസിലിരുത്തുന്നത് അയാളാണ്. കുട്ടി കരയുമ്പോൾ ഫ്ളാസ്കിൽ നിന്ന് വെള്ളമൊഴിച്ച് പാൽപ്പൊടിയിട്ട് പഞ്ചസാരയിട്ട് കുറുക്കി, ആദ്യത്തെ സ്പൂൺ, ചൂടു കുട്ടിയ്ക്ക് പാകമാണോ പഞ്ചസാര വേണ്ടത്രയുണ്ടോ എന്നറിയാൻ അയാളുടെ തന്നെ നാവിലൊഴിക്കുന്ന ഒരു നിമിഷമുണ്ട്. ആ നിമിഷം അയാളുടെ മസ്തിഷ്ക്കത്തിൽ വരുന്ന വലിയൊരു മാറ്റമുണ്ട്. ആയിരമായിരം മാതൃകോശങ്ങൾ അവിടെ സുസജ്ജമാകും. വിനയംകൊണ്ട്, കൃപ കൊണ്ട്, സൗശീല്യം കൊണ്ട്. കുഞ്ഞിനോടുള്ള വാത്സല്യം കൊണ്ട്, കുഞ്ഞിനുള്ള പാലിന്റെ ആദ്യത്തെ തുള്ളി നാവിലലിയുമ്പോൾ അയാളിലുണ്ടാകുന്ന ഒട്ടേറെ എൻസൈമുകളും, ഹോർമോണുകളും അയാളിൽ സജ്ജീകരിച്ചു നിൽക്കുന്ന പതിനായിരക്കണക്കിന് രോഗങ്ങളെ ഉച്ചാടനം ചെയ്യും. അതു മരുന്നുകൾക്ക് ചെയ്ത് തരാനാവില്ല. സ്ത്രീയ്ക്കു പ്രകൃതി കനിഞ്ഞു നൽകിയ സൗഭാഗ്യമായിരുന്നു അത്. അതിപ്പോൾ പുരുഷനു കിട്ടി. വിമൻസ് ലിബറേഷൻകാരോട് ആണുങ്ങൾ നന്ദി പറയുക.

കരുണയും കൃപയുമൊക്കെ ഒരു രോഗിയെ രക്ഷിക്കുന്ന വേഗത്തിൽ മരുന്നുകൾക്കൊന്നും രക്ഷിക്കാനാവില്ല. കോപവും, വെറുപ്പും, ദേഷ്യവും പൊട്ടിപ്പുറപ്പെടുന്ന മാത്രയിൽ തന്നെ മൃത്യുവിലേക്കു നയിക്കുന്ന പതിനായിരക്കണക്കിന് സ്രവങ്ങൾ, എൻസൈമുകൾ, ഹോർമോണുകൾ, ഒരാളുടെ ശരീരത്തിൽ

ഉൽപ്പാദിപ്പിക്കപ്പെടും. അന്തർസ്രവങ്ങൾ ഇങ്ങനെ വികലമായി ഉൽപ്പാദിപ്പിക്കപ്പെടാൻ വൈറസ്സും, ബാക്ടീരിയയും ഒന്നും വേണ്ട. ദേഷ്യവും വെറുപ്പും ഒക്കെ മതി. ഇതിനുശേഷം അതിന്റെയൊക്കെ സാന്നിദ്ധ്യം കാണുകയാണ് ചെയ്യുന്നത്. ലളിതമായി പറഞ്ഞാൽ കോപവും, വെറുപ്പുമൊക്കെ ഉണ്ടാക്കുന്ന അന്തർസ്രവങ്ങളുടെ സാന്നിദ്ധ്യത്തിൽ സജീവമാകുന്ന അണുജീവികളെ നിങ്ങൾ കാണുന്നു; മറ്റേതു സംഭവിച്ചതിന്റെ ഒരു ഇൻഡിക്കേഷൻ, കോപവും വെറുപ്പുമൊക്കെയാണ് യഥാർത്ഥ രോഗ കാരണം. അതിന് അണുജീവികളെ കൊന്നിട്ട് എന്തുകാര്യം? നിങ്ങളുടെ വെറുപ്പും, ദേഷ്യവും ആദ്യം പോകണം.

പറഞ്ഞ് വന്നത്, പുരുഷന് ഒരു സൗഭാഗ്യം കിട്ടി. അവൻ ആരോഗ്യത്തോടെ ഇരിക്കുന്നു. അതേസമയം സ്ത്രീക്കു അത് നഷ്ടപ്പെട്ടു. ഫലമോ അവൾക്ക് പെട്ടെന്ന് പ്രായം വർദ്ധിയ്ക്കുന്നു. അവനേക്കാൾ അഞ്ചുവയസ്സിന് ഇളയവളാണെങ്കിലും അവൾ പെട്ടെന്ന് നരയ്ക്കുകയും, പെട്ടെന്നു കുരയ്ക്കുകയും ചെയ്യും. മനസ്സിലായില്ലേ? മുഖകാന്തിയും മൃദുസ്വരവും അവൾക്കു നഷ്ടപ്പെടും, പിന്നെ എന്ത് പെണ്ണ്?

പ്രായമാകുന്നു എന്ന തോന്നൽ വന്നാൽ സ്ത്രീയ്ക്ക് സംശയരോഗം ഉണ്ടാകും. പ്രായം കൂടിയതുകൊണ്ട് ഭർത്താവിന് തന്നോട് ഇഷ്ടമില്ല: വേറെ ഏതെങ്കിലും കാണാൻ കൊള്ളാവുന്നവളുമായി അയാൾ അടുപ്പമായിക്കാണും. നിങ്ങൾ ദിവസവും കാണുന്ന സീരിയലുകളിലെ കഥയൊക്കെ ഇങ്ങനത്തതല്ലേ? ഈ ചിന്തയിരിക്കേ ഏതെങ്കിലും പെണ്ണിനോട് ഭർത്താവ് സംസാരിക്കുന്നത് കണ്ടാൽ, അതു മകളായാൽ കൂടി ബഹളമായി. രോഗങ്ങൾ പിന്നെയും കൂടുന്നു. അവസാനം അവൾ മൃത്യുവിൽ ചെന്നു വീഴും. അതുകൊണ്ട് ഇന്നൊരു വീട്ടിലും വല്യമ്മമാരില്ല. സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചു നിങ്ങൾക്കു ഞാൻ പറഞ്ഞത് പരിശോധിച്ചുനോക്കാം.

സ്ത്രീ പെട്ടെന്നാണ് ഇപ്പോൾ മരിക്കുന്നത്. ഏതു ആശുപത്രിയിലും ചെന്നു നോക്കൂ. സ്ത്രീ രോഗികളുടെ എണ്ണം അതിഭീമമാണ്. പരിചയമുള്ള ഏതെങ്കിലും ആശുപത്രിയിലെ മെഡിക്കൽ റെക്കോർഡുകളിൽ എത്ര സ്ത്രീയും, എത്ര പുരുഷനുമുണ്ടെന്ന് എണ്ണി നോക്കുക. ഞാൻ പറഞ്ഞതു സത്യമാണോ എന്നറിയാം.

പുരുഷൻമാർ വിമൻസ് ലിബറേഷനോട്, അവർ ചെയ്തു തരുന്ന സഹായത്തിന് നന്ദി പറയണം. നിങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കുകയും സ്ത്രീയെ പെട്ടെന്നു ഭൂമിയിൽ നിന്നു പറഞ്ഞു വിടാൻ സഹായിക്കുകയും ചെയ്യുന്നതിന്.

സ്ത്രീകളെ രോഗികളാക്കിത്തരുന്നതിന് സഹിത്യകാരന്മാരോടും, സീരിയൽ എഴുത്തുകാരോടും കൂടി നന്ദി പറയണം. വൈറസ്സും, ബാക്ടീരിയയുമൊക്കെ അവരുടെ പിറകിലേ നിൽക്കൂ. വിമൻസ് ലിബ്ബുകാരെ കണ്ടാൽ അവ സ്ഥലംവിടുകയും ചെയ്യും. അവരുള്ളപ്പോൾ അണുജീവികൾക്കവിടെ ചെയ്യാൻ ജോലിയൊന്നും ബാക്കിയുണ്ടാവില്ല. അത്ര സൂക്ഷ്മമാണ് സ്ത്രീ മനസ്സുകളിലേക്ക് അവർ കടത്തിവിടുന്ന വൈകല്യങ്ങൾ.

അതുകൊണ്ട് രോഗം ഇല്ലാതിരിക്കണമെങ്കിൽ ആദ്യം മനസ്സു നന്നാവണം. മനസ്സിൽ കൃപയും, സ്നേഹവും, വാത്സല്യവും നിറഞ്ഞിരിക്കണം.

**ഹിം**സ, സ്തേയം, അന്യഥാ കാമം, പൈശൂനം, പരുഷം, അനൃതം, സംഭിന്നാലാപം, വ്യാപാദം, അഭിധ്യ ദൃഗ്വിപര്യയം ഇവയാണ് ആയുർവ്വേദത്തിലെ പത്ത് പാപങ്ങൾ. അവ പത്തും ഒഴിവാക്കണം.

ആരേയും ഉപദ്രവിക്കരുത്. മനസ്സുകൊണ്ടും, വാക്കുകൊണ്ടും, പ്രവൃത്തികൊണ്ടും.

അന്യന്റെ ഒന്നും ആഗ്രഹിക്കരുത്

ലൈംഗിക ദുരാചാരങ്ങളിൽ ഏർപ്പെടരുത്.

ഇന്ന് എല്ലാ മാസികകളും, പത്രങ്ങളും, സീരിയലുകളും ലൈംഗിക ദുരാചാരങ്ങളുടെ കഥകളാണ് ആധുനിക തലമുറയ്ക്ക് തരുന്നത്. ഇപ്പോൾ നാൽപ്പത്തിയഞ്ചോ അമ്പതോ വയസ്സായവർ, എന്നാണ് ആണും പെണ്ണും ചേർന്നാലാണ് കുട്ടിയുണ്ടാകുക എന്ന് മനസ്സിലാക്കിയത് ഒരു പത്താം ക്ലാസ്സെങ്കിലും കഴിഞ്ഞാണ്. ശരിയാണോ? ചെറുപ്പത്തിലേ ഇതറിയില്ല. പണ്ടൊക്കെ പത്തുവരെ സാധാരണ പഠിക്കാനുള്ള ജനറൽ സയൻസേ ഉണ്ടായിരുന്നുള്ളൂ. അതിൽ പോളിനേഷനും, ഫെർട്ടിലൈസേഷനും ഒന്നുമില്ല. പുതിയ തലമുറയിൽ ഒരഞ്ച് ആറു വയസ്സു മുതൽ ഇത് പഠിയ്ക്കാൻ തുടങ്ങി. ശാസ്ത്രീയമായ പഠനം എന്നു പറഞ്ഞാണ് പഠിപ്പിക്കുന്നത്. അച്ഛനും അമ്മയും തങ്ങളുടെ കട്ടിലിൽ

തന്നെ കുട്ടിയെ കിടത്തി ദമ്പതിക്രിയയും മറ്റും ചെയ്യും. കുട്ടി അതു കണ്ടു പഠിക്കുന്നു. പഴയ കാരണവന്മാർ പിള്ളേരുടെ മുമ്പിൽ വെച്ച് അത്തരം ആവിഷ്കാരങ്ങളിൽ ഒന്നും ഏർപ്പെടാറില്ല. 'പിള്ളേര് നിൽക്കുന്നു', എന്നൊരു മര്യാദ ഉണ്ടായിരുന്നു. ഇന്ന് ആ മര്യാദ ചെറുപ്പക്കാർക്കില്ല. പിള്ളേരും ഇതൊക്കെ ചെയ്യേണ്ടതല്ലേ. കണ്ടു പഠിക്കട്ടെ എന്നാണ് ചിന്താഗതി. ഇതൊക്കെ ക്ലാസ്സ് കൊടുത്ത് പഠിപ്പിക്കേണ്ടതാണോ? എത്ര ക്ലാസ്സ് പഠിച്ചിട്ടാണ് പണ്ടുള്ളവരൊക്കെ ഇതൊക്കെ ചെയ്തത്. അവർക്കൊന്നും നിങ്ങൾക്കുള്ളത്ര രോഗമുണ്ടായിരുന്നില്ല. ചുരുക്കത്തിൽ നിങ്ങൾക്ക് സദാചാരം ഇല്ല. കുട്ടികളുടെ മുമ്പിൽ വെച്ച് ഇതൊക്കെ ചെയ്തു കാണിക്കുമ്പോൾ അതൊക്കെ അവർ നേരത്തെ ചെയ്യാൻ തുടങ്ങും. പിന്നെയതു രോഗമാകും.

മാധ്യമങ്ങളായ മാധ്യമങ്ങൾ മുഴുവൻ, പ്രത്യേകിച്ച് സീരിയലുകൾ, അപക്വമായ ലൈംഗികതയെ നിങ്ങൾക്കു തന്നു, തരുന്നു. ഏറ്റവും കൂടുതൽ രോഗം ഉണ്ടാക്കുന്നത് അന്യഥാ കാമമാണ്. ഇവിടുത്തെ മരുന്ന് കഴിക്കുന്നുവെങ്കിൽ സീരിയലുകൾ ഒരെണ്ണം പോലും കാണരുത്. ആ വഴിക്കുള്ള വാർത്തകൾ വായിക്കരുത്. അതനുസരിച്ചില്ലെങ്കിൽ നിങ്ങളുടെ കാര്യംപോക്കാണ്. നിങ്ങൾ സീരിയലിൽ കാണുന്ന കാഴ്ചകൾ ഉണ്ടാക്കുന്ന സ്രവവും മരുന്നു നൽകുന്ന പ്രതിരോധവും ഒത്തുപോകില്ല. മരുന്നു അതിന് കൂടുതൽ ഗതിയുണ്ടാക്കും. രോഗം വർദ്ധിക്കും. അതുകൊണ്ട് ആലോചിച്ചിട്ട് മരുന്ന് കഴിക്കാൻ തുടങ്ങിയാൽ മതി. സീരിയലുകൾ കണ്ടേ തീരൂ എന്നുള്ളവർ മരുന്നുകൾ വാങ്ങരുത്. ഈ സീരിയലുകൾ മാത്രം മതിയാകും ഒരാളുടെ രോഗങ്ങൾ തീർത്തു മാറാൻ! ഇഹത്തിലെ സകല രോഗവും പെട്ടെന്നു തീർന്നു കിട്ടും, നിങ്ങളോടൊപ്പം. മനസ്സിലായോ ആവോ!

അതുകൊണ്ട് നല്ലതുപോലെ ആലോചിച്ചിട്ട് മരുന്നു കഴിക്കാൻ തുടങ്ങുക. ഗവൺമെന്റ് അറിഞ്ഞോ അറിയാതെയോ അനുവദിച്ചു തന്നിട്ടുള്ള ഒരുപാട് സ്വാതന്ത്ര്യങ്ങൾക്ക് നടുവിലാണ് നിങ്ങൾ ഇപ്പോൾ ജീവിക്കുന്നത്. കാഴചയ്ക്കും കേഴ്‌വിക്കുമൊന്നും ഒരു സെൻസറിങ്ങുമില്ല. അതുകൊണ്ട് സ്വയം ചില നിയന്ത്രണങ്ങൾ വേണം.

ലൈംഗിക ദുരാചാരം ആവിഷ്കരിക്കുന്ന ഒട്ടേറെ സീരിയലുകളും, മാസികാപത്രങ്ങളും, വെബ്സൈറ്റുകളും ഗവൺമെന്റിന്റെ അനുമതിയോടു കൂടിത്തന്നെ നിങ്ങൾക്കിന്ന് പ്രാപ്യമാണ്.

സന്യാസിമാരുടെയും, ഉന്നതിന്മാരുടെയും, മന്ത്രിമാരുടെയും, എം.എൽ.എ.മാരുടെയും ഒക്കെ ലൈംഗിക ദുരാചാരങ്ങളുടെ വാർത്തകൾ പത്രങ്ങൾ സിനിമാക്കഥ പോലെ എഴുതിപ്പിടിപ്പിക്കുമ്പോഴും, ദൃശ്യമാധ്യമങ്ങൾ സംഗീതവും അഭിനയവും ചേർത്തു വിളമ്പുമ്പോഴും അവർ നന്നാകാൻ വേണ്ടിയൊന്നുമല്ല അതൊക്കെ അച്ചടിക്കുകയും, കാണിക്കുകയും ചെയ്യുന്നത്. നിങ്ങളെ ഇക്കിളിപ്പെടുത്തി രോഗിയാക്കാനാണ്. അത്തരം വാർത്തകൾ ശ്രദ്ധാപൂർവ്വമാണ് നിങ്ങൾ വായിക്കുന്നതെന്ന് ഓർക്കണം. കാത്തിരുന്ന് ടി.വി. ഓൺ ചെയ്ത് അവയൊക്കെ രസിക്കുന്നതിലുള്ള നിഷ്കർഷയും ഒന്നു വേറെയാണ്. വരിവിടാതെ സീൻവിടാതെ അതൊക്കെ പിന്തുടരാൻ എന്തൊരാകാംക്ഷ യാണ്. പോരാഞ്ഞിട്ട് വീട്ടിലും, ഓഫീസിലും ഒക്കെ അതേക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യും.

നിങ്ങൾ വായിച്ചതുകൊണ്ട് സമൂഹം നന്നാകാനൊന്നും പോകുന്നില്ല. വൃത്തികേടുകളൊക്കെ ക്യാമറയിൽ എടുത്തു കാണിച്ചതുകൊണ്ട് ഇതൊന്നും ആവർത്തിക്കാതിരിക്കാനും പോകുന്നില്ല. നിങ്ങൾ അതിന്റെ ഇക്കിളിയിലാണ് നിൽക്കുന്നത്. വായിച്ചിട്ട് നിങ്ങളും നന്നാകുകയൊന്നുമില്ല. മനസ്സിൽ ഉദാത്തമായ സംസ്കാരമൊന്നും ഇതുകൊണ്ട് ഉദിക്കാൻ പോകുന്നില്ല. മറിച്ച് ആർക്കെങ്കിലും അഭിപ്രായ മുണ്ടോ? എങ്കിൽ അങ്ങിനെ ഔന്നത്യം നേടിയ ഒരാളെയെങ്കിലും ചൂണ്ടിക്കാണിച്ചു തരണം. ഇക്കണ്ടവൃത്തികേടുകളൊക്കെ കണ്ടും കേട്ടും എന്റെ മനസ്സിലെ അധമ വികാരങ്ങൾ എല്ലാം പോയി എന്നു പറയുന്ന ആരെയെങ്കിലും ഒരാളെ....? അന്വേഷിച്ചിട്ട് പറഞ്ഞാൽ മതി!

പിന്നെ ഇതുകൊണ്ടൊക്കെ ഒരു പ്രയോജനമുണ്ട്. കൂടുതൽ പേർ ഇത്തരം സംഗതികളെക്കുറിച്ച് ബോധവാന്മാരാകും. മന്ത്രിക്കാകാമെങ്കിൽ എനിക്കായിക്കൂടെ എന്നു ചിന്തിച്ചു തുടങ്ങും. മുമ്പ് നടത്തിയവർക്ക് സംഭവിച്ച പിഴകൾ പരിഹരിച്ച് ചെയ്യാൻ നോക്കും. മൊത്തത്തിൽ സമൂഹം അഴിച്ചുവിട്ട കാളക്കൂറ്റനെപ്പോലെ പെരുമാറാൻ തുടങ്ങും.

ഇനി, നല്ലതുപോലെ ആലോചിച്ചിട്ട് മരുന്നു കഴിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുക. രോഗം പോകണമോ..... മൂന്നു ശാരീരിക പാപങ്ങൾ – ഹിംസ, സ്തേയം, അന്യഥാകാമം – ഇവ നിർബന്ധമായും ഒഴിവാക്കണം.

പിന്നെയുള്ളത്, പൈശുനം. കുശുമ്പു പറയരുത്.

പരുഷമായി സംസാരിക്കരുത്. രമ്യവും സുഖാവഹവുമായി മാത്രമേ വീട്ടിലും പുറത്തും സംഭാഷണം നടത്താവൂ. ഏതു പ്രതിസന്ധിയിലും മര്യാദാമസൃണമായ ഭാഷ കൈ വിടരുത്. കാരണം ആദ്യം നമ്മൾ കേട്ടിട്ടാണ് അന്യൻ കേൾക്കുന്നത്. ആ സമയത്ത് ആയിരമായിരം ഹോർമോണുകൾ ഉണ്ടാകും. അതുകൊണ്ട് മരുന്നു കഴിക്കുമ്പോൾ വളരെ മര്യാദയിലേ സംസാരിക്കാവൂ.

ഒന്നിനെപ്പറ്റിയും കെട്ടിച്ചമച്ചു പറയരുത് – **അനൃതം**! അതൊഴിവാക്കണം.

മറ്റുള്ളവർ കലഹിക്കുമാറ് വർത്തമാനം പറയരുത്. ചിലരുണ്ട്, ഓഫീസിലും, വീട്ടിലും, അയൽപ്പക്കത്തുമൊക്കെ എന്തു പറഞ്ഞാലും വേറൊരുത്തനെ കലഹിപ്പിച്ചിട്ടേ പോരുകയുള്ളൂ. അവർക്കു രോഗം എന്നും കൂടെയുണ്ടാകും – അത് സംഭിന്നാലാപം!

മറ്റുള്ളവർക്കു ആപത്ത് വരണമെന്ന് വിചാരിക്കുന്നത് **വ്യാപാദം.** ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത്.

**അഭിധ്യ**, സത്യം, ധർമ്മം മുതലായവയിൽ വിശ്വസിക്കാതിരിക്കരുത്. ഇക്കാലത്ത് ഇതൊന്നും ഇല്ലെന്ന് ആളുകൾ പറയും. അത് ശരിയല്ല. സത്യധർമ്മാദികളിൽ വിശ്വസിക്കണം.

**ദൃക് – വിപര്യയം,** വളരെ പ്രധാനമാണിത്. ധനാത്മകമായി മാത്രമേ ചിന്തിയ്ക്കാവൂ. ദോഷൈകദൃക്കാവരുത്. രോഗം വന്നു, അതു മാറും, മാറണം എന്ന ചിന്തയില്ലെങ്കിൽ നോക്കുമ്പോൾ, നോക്കുമ്പോൾ അതു കൂടും. വ്രണങ്ങളും, രോഗങ്ങളും, മുഴകളും, മറ്റു പ്രശ്നങ്ങളും കൂടും, കൂടും എന്നു നിങ്ങൾ തന്നെ സങ്കൽപ്പിക്കുകയാണെങ്കിൽ ഏതു മരുന്നു കഴിച്ചാലും ഫലമില്ല. മറിച്ച് മാറുമെന്ന് വൈദ്യനിൽ നിന്നും കേൾക്കുകയും അതുതന്നെ ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ഉൾക്കൊള്ളുകയും, മാറുമെന്ന് സ്വയം ഉറച്ചു വിശ്വസിക്കുകയും ചെയ്താൽ രോഗങ്ങൾ മാറും. അതിനു ഇവിടുത്തെ മരുന്നു തന്നെ വേണമെന്നില്ല. ഇതുവരെ കഴിച്ച മരുന്നായാലും രോഗം പോകും. വളരെ സത്യസന്ധമായി പറയുകയാണ്. മരുന്നിനെക്കാൾ പ്രധാനം മനസ്സാണ്. സന്മനസ്സുള്ളവർക്ക് ഭൂമിയിൽ രോഗമില്ല! ഇതുവരെ കഴിച്ച മരുന്നിന്റെ കുഴപ്പം കൊണ്ടൊന്നുമല്ല നിങ്ങളുടെ രോഗം മാറാത്തത്. മരുന്നൊക്കെ

അതുതന്നെ മതിയായിരുന്നു. പക്ഷെ ആദ്യം മരുന്നു തന്ന ഡോക്ടർ നിങ്ങളെ പറ്റിച്ചു!. 'ഇതു മാറുകയൊന്നു മില്ലടോ' എന്ന് അയാൾ പറഞ്ഞുപോയി. പിന്നെ ചികിത്സിച്ചതു കൊണ്ട് ഒരു പ്രയോജനവുമില്ല. അതാണ് നിങ്ങളൊക്കെ ഇങ്ങു പോന്നത്.

അടുത്ത കൂട്ടർ രോഗിയുടെ ബന്ധുക്കളെന്നു പറയുന്നവരാണ്. അവർ ചെയ്യുന്ന ദൂഷ്യം വളരെ വലുതാണ്. പലപ്പോഴും രോഗിയുടെ കാലന്മാരാണവർ.

ബന്ധുക്കളായ ബന്ധുക്കളൊക്കെ ഇന്റർനെറ്റിൽ കയറിയും, ആരോഗ്യമാസികകൾ വായിച്ചും അവിടുന്നുമിവിടുന്നുമൊക്കെ പഠിച്ചും ഇത് മാറുന്നരോഗമല്ലെന്ന് രോഗിയെ ബോദ്ധ്യപ്പെടുത്തും. പിന്നെ രക്ഷയില്ല. ഇതിനൊക്കെ വല്ല ആധികാരികതയുമുണ്ടോ, ശാസ്ത്രീയത യുണ്ടോ എന്നൊന്നും ആരും ചിന്തിച്ചു നോക്കാറില്ല. അച്ചടിച്ചു കാണുന്നതാണ് സത്യമെന്ന് അങ്ങ് കണ്ണുമടച്ച് വിശ്വസിക്കും. ഈ ലേഖനമൊക്കെ അതിൽ പേര് വെച്ചിരിക്കുന്നവർ എഴുതുന്നതാവും എന്നാണ് നിങ്ങൾ വിശ്വസിച്ചിരിക്കുന്നത് അല്ലേ? അങ്ങനെയല്ല. അതൊക്കെ വാരികകളുടെ ലേഖകന്മാർ എഴുതിക്കൂട്ടുന്നതാണ്. അവർക്കു മനസ്സിലാകുന്നതുമാത്രം എഴുതി അച്ചടിക്കും. ബാക്കി യൊക്കെ വിട്ടുകളയും. എഴുതുന്നത് പരമാവധി സംഭ്രമമുണ്ടാക്കാവു ന്നതു മാത്രമായിരിക്കും. എന്റെ പേരിൽ അച്ചടിച്ചു വന്നാലും ഇതൊക്കെത്തന്നെയാണ് സ്ഥിതി. എനിക്കു പറയാനുള്ളത് നേരിൽ പറയുന്നതാണെനിക്കിഷ്ടം. അതുകൊണ്ടാണ് നിങ്ങളോടിപ്പോൾ സംസാരിക്കുന്നത്.

ഇനി നിങ്ങളുടെ തന്നെ കാര്യം. നിങ്ങൾക്ക് ഒന്നിലും വിശ്വാസമില്ല. ബാക്കി ചികിത്സയൊക്കെ കഴിഞ്ഞു. ഇനി സ്വാമിയുടെ ചികിത്സ കൂടി ഒന്നു നോക്കിയേക്കാം. അതുവേണ്ട. പരീക്ഷണത്തിനൊന്നും നിൽക്കണ്ട. ഇവിടുന്നും കുറെ മരുന്നു വാങ്ങി കാശൊന്നും കളയണ്ട. 'എനിക്കു രോഗം മാറണ'മെന്ന ഉറച്ച തീരുമാനമുണ്ടെങ്കിൽ മാത്രം ഈ മുറ്റത്ത് നിന്നാൽ മതി. വളരെ പച്ചയ്ക്കു തന്നെ പറയുകയാണ്. രോഗം മാറുന്നത് മനസ്സു കൊണ്ടാണ്. അതുകൊണ്ട് മാറുമെന്ന് തന്നെ വിശ്വസിക്കണം.

പഥ്യമാണ് ചികിത്സ എന്നും ആയുർവ്വേദം പറയുന്നുണ്ട്. ഇന്ന് ആഹാരം വല്ലാത്തതാണ്. നിങ്ങൾ വാങ്ങുന്ന മല്ലി, മുളക്, ജീരകം

ഇവയൊക്കെ വാങ്ങുന്നവർ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിയില്ല. ഇവയുടെയൊക്കെ പൊടിക്കു ഇവയേക്കാൾ വില കുറവാണ്. മല്ലിപ്പൊടിയ്ക്കു മല്ലിയേക്കാൾ വിലക്കുറവുണ്ട്. അറിയില്ലേ? നിങ്ങൾ മാർക്കറ്റിൽ പോയി ഇതൊക്കെ വാങ്ങുമെന്നല്ലാതെ ഇതൊന്നും ശ്രദ്ധിച്ചിട്ടില്ല. നിങ്ങൾക്ക് വിദ്യാഭ്യാസമുണ്ട്. വിവരമില്ല! നിങ്ങളുടെ കാരണവൻമാർക്ക് വിവരമുണ്ട്. വിദ്യാഭ്യാസമില്ലെന്നേ ഉണ്ടായിരുന്നുള്ളൂ.

ഡീലർമാർക്കും, വിൽപ്പനക്കാർക്കും കൂടി 50% കമ്മീഷനും കൊടുത്തും, ടി.വി.യിലും പത്രങ്ങളിലും പരസ്യവും ചെയ്തും, മുതലാളി തനിക്കു വേണ്ട ലാഭവും എടുത്തുകഴിഞ്ഞ ശേഷം ഒരു കിലോ മല്ലിപ്പൊടി മല്ലിയുടെ വിലയേക്കാൾ കുറച്ച് വിൽക്കുമ്പോൾ അതിൽ എത്ര മല്ലി കാണും? കേരളത്തിലെ ഒരു ചാനലിന് ഒരു പൊടിക്കമ്പനി ഒന്നേകാൽ കോടി രൂപയാണ് ഒരു വർഷം പരസ്യത്തിന് കൊടുക്കുന്നത്. അതു കഴിഞ്ഞിട്ട് പൊടിയ്ക്കു വില കുറയ്ക്കണമെങ്കിൽ, എവിടെ നിന്നായിരിക്കും അവർ ഈ മല്ലിയൊക്കെ ഇറക്കുന്നത്. അങ്ങനെ ഒരു സ്ഥലമുണ്ടോ? ഉണ്ടെങ്കിൽ പറഞ്ഞു താ. പാവങ്ങൾക്കും കുറച്ചു മല്ലി വാങ്ങി കൊടുക്കട്ടെ! ഒരു സാധനം വാങ്ങാൻ പോകുമ്പോൾ വിദ്യാഭ്യാസമുള്ളവർ ആദ്യം അന്വേഷിക്കേണ്ടത് ഇതൊക്കെയാണ്.

നിങ്ങളുടെ കാർന്നോൻമാർ, കുട്ടികൾ പെൻസിൽ കടിക്കുന്നതു കാണ്ടാൽ പറയും കുഞ്ഞേ അത് കടിക്കരുത്, ലെഡ്ഡാണ്. അതു അകത്തു ചെന്നാൽ നിന്റെ രക്തം കുറയും. അതു പഴയ കാലത്തെ വിദ്യാഭ്യാസമില്ലാത്ത തന്ത! ഇന്ന് നിങ്ങൾ, അദ്ധ്യാപകർ, എഞ്ചിനീയർമാർ, ഡോക്ടർമാർ, റിസർച്ച് സ്കോളേഴ്സ് ഒക്കെ ലെഡ്ഡിന്റെ പെൻസിൽ വാങ്ങിച്ച് മക്കൾക്ക് കണ്ണെഴുതാൻ കൊണ്ടുകൊടുക്കും. ആ പെൻസിൽ കൊണ്ട് കണ്ണിലെ ശ്ലേഷ്മസ്തരങ്ങളിൽ എഴുതിക്കഴിയുമ്പോൾ അതു ശരീരം വലിച്ചെടുക്കുമോ എന്ന് ആലോചിക്കാറില്ല.

കെമിസ്ട്രിയും, സുവോളജിയും, ഫിസിക്സും പഠിച്ച നിങ്ങളാണിങ്ങിനെ ചെയ്യുന്നത്. നിങ്ങൾക്ക് വിദ്യാഭ്യാസമുണ്ട്. പക്ഷെ വിവരമില്ല. കാശുകൊടുത്തോ കാലുപിടിച്ചോ വൈസ്ചാൻസിലറാകുന്ന ഒരുവൻ ഒപ്പിട്ടു തരുന്ന ഒരു തുണ്ട് കടലാസ് വാങ്ങാനാണ്, നിങ്ങൾ ലക്ഷങ്ങൾ മുടക്കി കോളേജുകളിലൊക്കെ പോയത്. ജീവിതത്തിന് പ്രയോജനപ്പെടുന്ന എന്തെങ്കിലും പഠിക്കാൻ വേണ്ടിയല്ല.

ഇനിയുമുണ്ട് ഉദാഹരണങ്ങൾ

താഴെ വീണുകിടക്കുന്ന വാടിയ മാങ്ങ പിള്ളേരെടുക്കുക യാണെങ്കിൽ പണ്ടു കാർന്നോന്മാർ പറയും മക്കളെ അതു തിന്നരുത്, വയറു കേടാകും, സൂക്കേട് പിടിക്കും, ദൂരെക്കള എന്നൊക്കെ. ഇന്ന് വിദ്യാഭ്യാസമുള്ള നിങ്ങളോ? പഴക്കടയിൽ ചെന്ന് പാകമാകാത്ത മാങ്ങ, കാർബൈഡ് വച്ച് പഴുപ്പിച്ചത് വാങ്ങി, തൊലി ചെത്തിപ്പൂളി കൊടുക്കുമ്പോൾ പുളിച്ചിട്ട് തിന്നാൻ മേലാതെ കുട്ടി അതെടുത്തെറി ഞ്ഞാൽ, രണ്ടാമതെടുത്തുകൊണ്ടുവന്നു കഴുകി, പാലൊഴിച്ച്, പഞ്ചസാരയിട്ട് മിക്സിയിൽ അടിച്ച് വായിൽ തള്ളിക്കയറ്റിക്കൊടുക്കും. എന്തിനാ നിങ്ങൾക്കു ഈ വിദ്യാഭ്യാസം. ആർക്കാ അതുകൊണ്ട് പ്രയോജനം? സ്വന്തം മക്കൾക്കു പോലും ഉപദ്രവാകുമെന്നതല്ലാതെ അതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടോ? ഇങ്ങനെ ദ്രോഹി ക്കാനാണെങ്കിൽ വെറുതെ എന്തിനാ പെറ്റിടുന്നത്. പന്നി പോലും ഇങ്ങനെ ഒന്നും ചെയ്യില്ല. എന്നിട്ട് രോഗവുമായിട്ട് ഓടി നടക്കുകയാണ്, അതൊന്നു മാറ്റാൻ! ആരെങ്കിലുമൊക്കെ നുള്ളി എടുക്കാൻ, ആരെങ്കിലുമൊക്കെ കൈ ഒന്നു വീശികാണിച്ച് എടുക്കാൻ, ആരെങ്കിലുമൊക്കെ മരുന്നു തന്ന് എടുക്കാൻ. എങ്ങനെ എടുക്കും?

പത്ത് വർഷം മുമ്പ് വരെ ഒരു വീട്ടിലും കപ്പ തിളപ്പിച്ചൂറ്റിയല്ലാതെ ഉപയോഗിക്കാറില്ലായിരുന്നു. വാട്ടിയുണങ്ങിയ കപ്പയല്ലാതെ പച്ചക്കപ്പ വറക്കാൻ എടുക്കാറില്ല. കപ്പയ്ക്കിടയിൽ മുട്ടിയുള്ള കപ്പ ഉണ്ടായി ത്തുടങ്ങിയപ്പോൾ, അതാരും മേടിക്കാതെ വരുന്നതു കൊണ്ട്, അത്തരം കപ്പ അരിഞ്ഞു വറുക്കാമെന്ന് ഒരു കണ്ടുപിടിത്തമുണ്ടായി. 'ഫ്രഷ് ചിപ്സ്' എന്നു പറഞ്ഞ് മേടിച്ചടിക്കുന്ന സാധനം! അതൊന്നു ശ്രദ്ധിച്ചു നോക്കിയിട്ടുണ്ടോ? അതിൽ നാര് കാണും. നാര് വെടിച്ചു നിൽക്കുന്ന കപ്പ വെയ്സ്റ്റായ കപ്പയാണ്. കന്നുകാലിക്ക് കൊടുത്താൽ കഴിക്കില്ല. എം.എ.യും, പി.എച്ച്.ഡി.യും, പ്രൊഫണൽ ഡിഗ്രിയുമൊക്കെയുള്ള നിങ്ങൾ പക്ഷെ അതു കഴിക്കും. വെളിച്ചെണ്ണയിൽ വറുക്കുമ്പോൾ ആ കപ്പയുടെ കട്ടെവിടെ പോകും? കട്ടൂറ്റിയിട്ടല്ലല്ലോ വറുക്കുന്നത്. എണ്ണ തിളപ്പിച്ചു വെച്ചിട്ട്, അതിലേക്കു അതിശീഘ്രം അരിഞ്ഞിടുകയല്ലേ ചെയ്യുന്നത്. നിങ്ങളുടെ കൺമുമ്പിൽ. അതുകൊണ്ടാണല്ലോ 'ഫ്രഷ് ചിപ്സ്'!. ട്രോപ്പിക്കൽ ക്ലൈമറ്റിൽ കപ്പയുണ്ടാക്കുന്ന ഒരു രോഗമാണ് പാൻക്രിയാറ്റൈറ്റിസ്. പാൻക്രിയാസിലെ മുഴ. കപ്പയുടെ കട്ടാണ് പലപ്പോഴു അതിന് കാരണം. പിന്നെയത് തള്ളി വരും. കാൻസറായി

ലിവറിലും കുടലിലുമൊക്കെ വ്യാപിക്കും. ഇങ്ങനെ മരണത്തിലേക്ക് പോകുന്ന ഒരുപാട് ആളുകൾ നമുക്ക് ചുറ്റുമുണ്ട്. കപ്പമേടിച്ച് കൊത്തിയരിഞ്ഞ് രണ്ടൂറ്റ് ഊറ്റാൻ മടിക്കുന്നതു കൊണ്ട് ഭീകരമായ രോഗങ്ങൾ ഏറ്റുവാങ്ങുന്നവർ.

കപ്പതന്നെ ട്രോപ്പിക്കൽ ക്ലൈമറ്റിന് നല്ലതല്ല. അതു ഉപയോഗിക്കുന്നെങ്കിൽ തിളപ്പിച്ചൂറ്റിയേ ഉപയോഗിക്കാവൂ. ഇതുപോലെ ആഹാരക്കാര്യത്തിൽ നാം പിന്തുടർന്നു വന്ന ചില ചിട്ടകൾ ഉണ്ട്. അതു അതേപടി പാലിക്കാൻ തയ്യാറുള്ളവർ മാത്രം ഇവിടെ മരുന്നിന് നിന്നാൽ മതി.

മത്സ്യം, മാംസം, മുട്ട, എരുവ്, പുളി, വറുത്തത്, പൊരിച്ചത്, ബേക്കറി സാധനങ്ങൾ, ടിന്നിലടച്ച പദാർത്ഥങ്ങൾ, ബിസ്കറ്റ്, മിഠായി ഇവയൊന്നും രോഗികൾ കഴിക്കാൻ പാടില്ല. ഇതൊന്നും ആയുർവ്വേദത്തിന്റെ പഥ്യമല്ല, മരുന്നിന്റെയും പഥ്യമല്ല, നിങ്ങളുടെ രോഗത്തിന്റെ പഥ്യമാണ്. ചിലയാളുകൾക്കു മത്സ്യമോ, മാംസമോ കഴിക്കാമെങ്കിൽ അതു പറയും. അവർ നിർബന്ധമായും അതു കഴിയ്ക്കണം. അങ്ങിനെ പറയാൻ ചില കാരണങ്ങൾ ഉണ്ട്. അല്ലാത്തവർ ഇപ്പറഞ്ഞതൊന്നും കഴിയ്ക്കരുത്.

വിരുദ്ധങ്ങളായ ആഹാരങ്ങൾ ഒന്നും തന്നെ കഴിക്കരുത്. ഇന്ന് പുതിയ തലമുറയിലെ കുട്ടികളിൽ ഏറെപ്പേർക്കും കണ്ണിന് പ്രശ്നമുണ്ട്. ഏത്ര പിള്ളേരാ കണ്ണാടിവെച്ച് നടക്കുന്നത്! കാരണം, വടക്കേ ഇന്ത്യക്കാര് ഉപയോഗിച്ചിരുന്ന ഗോതമ്പ് തെക്കേയിന്ത്യക്കാരായ കേരളീയർ ഉപയോഗിച്ചു തുടങ്ങിയപ്പോൾ. എല്ലാവരും ചപ്പാത്തി ചുട്ടുതിന്നാൻ ഉത്സാഹം കാണിച്ചു. വടക്കേ ഇന്ത്യക്കാരന്റെ കൈവിരലുകൾക്കുള്ളിൽ കിടന്ന് കോൽ ഉരുളുമ്പോൾ നല്ല വട്ടമൊത്ത, ചുട്ടെടുക്കുമ്പോൾ നേർമ്മയുള്ള റൊട്ടി ഉണ്ടായി വരും. അവന്റെ നിത്യത്തൊഴിലാണ് ചപ്പാത്തി പരത്തൽ. അതുകണ്ട് അനുകരിച്ച മലയാളി ചപ്പാത്തി പരത്തിവരുമ്പോൾ ഏഷ്യയും, ആഫ്രിക്കയുമൊക്കെയാണ് കിട്ടുന്നത്. കോലുപിടിച്ച് നിവർത്തിയില്ലാതെ വരുമ്പോൾ പരത്തി മിച്ചം വരുന്ന മാവ് വീട്ടിലെ പെണ്ണുങ്ങൾ പരത്തി ദോശ ചുടും. ചപ്പാത്തി മാവിന്റെ രണ്ടാമത്തെ എപ്പിസോഡ് ഗോതമ്പുദോശയാണ്. ചുടുന്ന സാധനം കല്ലേന്നു പറിയാൻ എള്ളെണ്ണയും പുരട്ടും. സംഗതി പൂർത്തിയായി. എള്ളെണ്ണയും ഗോതമ്പും ചേർന്നാൽ കാഴ്ചയ്ക്കു കാരണമായ ഒപ്റ്റിക്

നെർവ്വിനെ ക്ഷീണിപ്പിക്കും. പുതിയ തലമുറയിൽ കണ്ണിന് ഏറ്റവും കൂടുതൽ അസുഖമുണ്ടാകുന്നത് എള്ളെണ്ണയും ഗോതമ്പും ചേർന്നിട്ടാണ്. എള്ളെണ്ണ കണ്ണിനു നല്ലതാണ്. ഗോതമ്പും നല്ലതാണ്. രണ്ടും കൂടിച്ചേരുമ്പോൾ പക്ഷെ നല്ലതല്ല. ദോഷമാണ് ഉണ്ടാകുന്നത്. വിരുദ്ധമായ ഒരു കെമിക്കൽ അവിടെ ഉണ്ടാകും. അതാണ് ഒപ്റ്റിക് നെർവ്വിനെ ബാധിക്കുന്നത്.

**നി**ങ്ങളുടെ വീടുകളിലെല്ലാം, ഇന്ന് അലൂമിനിയം പാത്രത്തിലാണ് പാചകം ചെയ്യുന്നത്. ലാഭം നോക്കി അലൂമിനിയം ആക്കിയതാണ്. ചെമ്പും, ഓടുമൊക്കെ വിറ്റ് അലൂമിനിയം വാങ്ങി! ഒരു അലൂമിനിയ പാത്രത്തിൽ രാവിലെ വെള്ളമൊഴിച്ച് വൈകുന്നേരം ഊറ്റിക്കളഞ്ഞാൽ അതിൽ കുത്തിക്കുത്തി നിൽക്കുന്നത് കാണാം. പാത്രത്തിന്റെ അടിയിൽ തൈരു പോലെ ഒരു വസ്തു കട്ടപിടിച്ചിരിക്കും. അരെങ്കിലുമൊക്കെ ശ്രദ്ധിച്ചിട്ടുണ്ടാവണം. അലൂമിനിയം ഓക്സൈഡ്. ചോറുവെച്ചു വെച്ചാലും ഇതുണ്ടാകും. അലൂമിനിയം വെള്ളവുമായി റിയാക്ട് ചെയ്തുണ്ടാവുന്ന അലൂമിനിയം ഓക്സൈഡ് കുറേയൊക്കെ ചോറിൽ പറ്റിപ്പിടിക്കും. അത് അകത്ത് ചെന്നാൽ വയറ്റിലും, കുടലിലും, മലദ്വാരത്തിലും മുഴകൾ വരും. അതിനേക്കാളേറെ മലബന്ധമുണ്ടാകും. ആധുനികന്റെ ഏറ്റവും വലിയ രോഗം മലബന്ധമാണ്. അലൂമിനിയപ്പാത്രങ്ങൾ അടുക്കളയിൽ കയറിപ്പറ്റിയതു മൂലമാണ് ഇത് വ്യാപകമായത്. മലബന്ധം മാറിയാൽത്തന്നെ മനുഷ്യന്റെ തൊണ്ണൂറ് ശതമാനം രോഗങ്ങളും പോകും. നിങ്ങൾ കാൻസർ എന്നു വിളിക്കുന്ന മുഴകളിൽ 80%ഉം വയറൊന്നിളക്കിയാൽ മാറുന്നവയാണ്. അത്ര ലളിതമാണ് ഇതിനൊക്കെയുള്ള ചികിത്സ. പറഞ്ഞാൽ കേൾക്കുന്ന നൂറ് കണക്കിന് രോഗികളുടെ റിസൽട്ടിൽ നിന്നും എനിയ്ക്കത് ഉറപ്പിച്ച് പറയാൻ കഴിയും. പാവങ്ങളാണെങ്കിൽ, വയറൊന്നിളക്കി രണ്ടോ മൂന്നോ ചെടികളുടെ ഇല തിന്നുമ്പോൾ അവരുടെ രോഗം പോകുന്നുണ്ട്. അതു കേട്ടാണ് നിങ്ങളൊക്കെ ഓടി എത്തിയിരിക്കുന്നത്. പക്ഷെ നിങ്ങൾക്കിതൊന്നും പോര. കാരണം നിങ്ങൾക്ക് അതൊന്നും കേട്ട് നടക്കാൻ വയ്യ. നിങ്ങൾ സമ്പന്നരായിപ്പോയി. കുറെ കാശു ചെലവാക്കണം. കുറെയധികം പ്രക്രിയകളിലൂടെ കടന്നു പോകണം. ഏ.സി. റൂം വേണം. തലങ്ങും വിലങ്ങും വയർ വലിച്ചിട്ടുള്ള കുറെ യന്ത്രങ്ങളുടെ നടുക്കു കിടക്കണം. യൂണിഫോമിട്ടു കുറേ പരിചാരകർ

ചുറ്റിനും ഓടി നടക്കണം. രോഗം ഭേദപ്പെടുത്തുന്നത് ഇതൊന്നുമല്ല എന്നറിഞ്ഞാലും നിങ്ങൾക്കിതൊക്കെ കൂടിയേ തീരൂ. ഇതൊക്കെ വച്ച് നിങ്ങളെ അരെങ്കിലുമൊക്കെ കബളിപ്പിക്കുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദി നിങ്ങൾ തന്നെയാണ്. ഇതൊന്നുമില്ലാതെ അറിയാവുന്ന ശാസ്ത്രം വച്ച് അസുഖം ഭേദമാക്കാമെന്നു പറഞ്ഞാൽ അവരെ നിങ്ങൾ തിരിഞ്ഞു നോക്കില്ല. പിന്നെ അവരെന്തു ചെയ്യും? പഠിപ്പും കഴിവുമില്ലാത്തവരൊന്നുമല്ല ചികിത്സിക്കാനിരിക്കുന്നത്. നിങ്ങൾക്ക് അവരുടെ ചികിത്സയേക്കാൾ പ്രധാനം ചികിത്സിക്കുന്നതിന്റെ ചുറ്റുപാടുകളാണ്. സമ്പന്നരായതിന്റെ കുഴപ്പമാണിത്. വെറും സമ്പന്നരല്ല. 'സം' കഴിഞ്ഞ് കോമയിട്ട് 'സം,പന്നരെ'ന്നെഴുതു മ്പോഴുള്ള സമ്പന്നരാണ്. അവസാനം പലയിടത്തും ഓടിനടന്ന്, വിഷമമാകുമ്പോൾ എന്തോ അത്ഭുതം പ്രതീക്ഷിച്ച് സ്വാമിയുടെ അടുത്തും ചെന്ന് നോക്കാമെന്ന് വിചാരിക്കും. ഇവിടെയാണെങ്കിൽ ചികിത്സ അതിന്റെ പച്ചയായ രൂപത്തിൽ മാത്രമേയുള്ളൂ. നിങ്ങളെ സുഖിപ്പിക്കാനൊന്നും ഇവിടെയാരുമില്ല. പിന്നെ കാശു കളയാൻ ഞാനും കുറേ മരുന്നുകൾ എഴുതിത്തരാം. പക്ഷേ രോഗം ഭേദമാകുന്നത് പഥ്യമോ നിസ്സാരമായ ഏതെങ്കിലും ചെടികളോ കൊണ്ട് ആയിരിക്കും.

അതുകൊണ്ട് നല്ലതുപോലെ ശ്രദ്ധിക്കുക. ആഹാരം കഴിയ്ക്കുമ്പോൾ ആവശ്യമില്ലാത്തതൊന്നും കഴിയ്ക്കരുത്. അതിൽപ്പെടും നേരത്തെ പറഞ്ഞ കഴിയ്ക്കാൻ പാടില്ലാത്തതായ സാധനങ്ങൾ. അവയൊന്നും പഥ്യമല്ല. കഴിയ്ക്കാവുന്ന ആഹാരമാണ് പഥ്യം. മുമ്പ് പറഞ്ഞവ ഒഴിവാക്കി ശേഷം കഴിക്കാവുന്നവ. കഴിക്കാൻ പാടില്ലാത്തവ ആദ്യം പറഞ്ഞതു കൊണ്ട് അതാണ് പഥ്യം എന്നു തെറ്റായി വിചാരിക്കരുത്. ഒഴിവാക്കേണ്ടവയെക്കുറിച്ച് ആദ്യം പറഞ്ഞു കഴിഞ്ഞാൽ ശേഷമുള്ളവയാണ് പഥ്യം. പാരമ്പര്യമായി ഈ നാട്ടുകാർ തുടർന്നു പോകുന്നത് മിക്കവാറും പഥ്യമായിരിക്കും.

അലൂമിനിയപ്പാത്രങ്ങൾ ദൂരെ വലിച്ചെറിയണം. മൺപാത്രങ്ങളും, ചില പ്രത്യേക രോഗങ്ങളിലൊഴികെ, സ്റ്റീൽപ്പാത്രങ്ങളും, ഇരുമ്പു പാത്രങ്ങളും ഉപയോഗിക്കാം. വെള്ളോട്ടു പാത്രങ്ങളും മറ്റും ഇന്ന് ഉപയോഗത്തി ലില്ലാത്തതുകൊണ്ട് അവയെപ്പറ്റിയൊന്നും പറയുന്നില്ല.

ഏത്തക്കായും, പൈനാപ്പിളും, കോഴിയും, ഹോർമോൺ നൽകിയാണ് ഇന്ന് മുഖ്യമായും ഉത്പാദിപ്പിക്കുന്നത്. മറ്റു പലതിനും

അങ്ങനെ ചെയ്യുന്നുണ്ട്. പ്രമുഖമായി ഈ മൂന്നെണ്ണം സൂക്ഷിക്കണം. രോഗികൾ മാത്രം ശ്രദ്ധിച്ചാൽപ്പോര. രോഗം വരാതിരിക്കണമെന്ന് ആഗ്രഹിക്കുന്നവരും ശ്രദ്ധിച്ചു കേൾക്കണം. ഈ മൂന്നെണ്ണവും തൊടരുത്. പക്ഷെ നിങ്ങൾ ഏറ്റവുമധികം വെട്ടി വിഴുങ്ങുന്നത് ഇവയാണ് അല്ലേ?

പൈനാപ്പിളിന്റെ കാര്യം നിങ്ങൾക്ക് അറിയുമായിരിക്കും. പൈനാപ്പിൾ ഒന്നിച്ച് വിളയിച്ചെടുക്കുന്നത് ഹോർമോൺ ട്രീറ്റ് ചെയ്തിട്ടാണ്.

അതുപോലെ ഒന്നരക്കൊല്ലം കൊണ്ട് വളരേണ്ട കോഴിയെ ഇരുപത്തേഴുദിവസംകൊണ്ട് വളർത്തി തിന്നാറാക്കിത്തരുന്നത് ഹോർമോൺ കൊടുത്തിട്ടാണ്.

ഏത്തവാഴ ഒന്നിച്ചു കുലയ്ക്കുന്നതും ഹോർമോൺ ചെന്നിട്ടാണ്.

ഇതിനൊക്കെ ചേർത്ത ഹോർമോൺ അതു കഴിക്കുന്നവനിൽ എങ്ങിനെ പ്രവർത്തിക്കും? അതു ഗവൺമെന്റിന് അറിയണ്ട. ആരോഗ്യവകുപ്പിന് അറിയണ്ട. സർക്കാരിന് വ്യാവസായികാടിസ്ഥാന ത്തിൽ കൃഷി വർദ്ധിപ്പിച്ചാൽ മതി. ജനതയുടെ ആരോഗ്യം പോയാലും വ്യവസായം വളരണം. വ്യക്തികൾക്ക് ലാഭം ഉണ്ടായാൽ മതി. കൃഷി വ്യവസായമായതിന്റെ ഒരു ദുരോഗമാണ്. വ്യവസായത്തിന്റെ കണക്കിൽ കോടികൾ വരുമ്പോൾ ആരോഗ്യവകുപ്പിന്റെ കണക്കിൽ വന്നതിലും എത്രയോ കോടികൾ പോകുന്നു, പൊതുജനാരോഗ്യം നിലനിർത്താൻ. ഈ സൊല്ല ഒഴിവാക്കാൻ ഒരൊറ്റ മാർഗ്ഗമേയുള്ളൂ. അവനവന്റെ പോക്കറ്റിലെ കാശെടുത്തു സ്വന്തം ആരോഗ്യം നോക്കിക്കോണമെന്നു പറയുക. ഗവൺമെന്റിപ്പോൾ ഏതാണ്ട് ആ വഴിക്കാണ്. പി.എച്ച്.സി.കൾ ഒക്കെ അടച്ചു പൂട്ടാമെന്ന് ഒരു ചിന്തയുണ്ടെന്നു തോന്നുന്നു. ധർമ്മാസ്പത്രികളും വേണ്ട. പുറത്ത് വേറെ കുറുക്കന്മാർ കാത്തിരിപ്പുണ്ട്. അവരുടെ വായിൽപ്പോയി ചാടിക്കൊള്ളട്ടെ പാവം ജനം. അവനവന്റെ ആരോഗ്യം അവനവൻ തന്നെ നോക്കണമെന്നുണ്ടെങ്കിൽ ഒരു കാര്യം ചെയ്താൽ മതി. ഈ വകയൊന്നും തിന്നാൻ പോകരുത്. പോക്കറ്റിലെ കാശു പോവുകയുമില്ല, ആരോഗ്യം ഉണ്ടാവുകയും ചെയ്യും.

ഹോർമോൺ കൊടുത്തു വീർപ്പിച്ച കോഴിയെ വാങ്ങിച്ചു

തിന്നുമ്പോൾ കൊച്ചു പെൺകുട്ടികൾക്ക് നാലും അഞ്ചും വയസ്സു മുതൽ ആർത്തവലക്ഷണം കണ്ടു തുടങ്ങും. ആൺകുട്ടികൾ പെൺകുട്ടികളുടെ വികാരം കാണിക്കാൻ തുടങ്ങും. പെൺകുട്ടികൾ തിരിച്ചും. പ്രായപൂർത്തി എത്തുന്നതിന് മുമ്പ് ഇരുവരിലും എല്ലാ വികാരങ്ങളും സുസജ്ജമാകും. ഒന്നരവർഷം കൊണ്ട് വളരേണ്ട കോഴി ഇരുപത്തേഴു ദിവസം കൊണ്ട് വളരുന്നതുപോലെ, പന്ത്രണ്ടു വയസ്സിൽ തന്നെ പതിനെട്ടിന്റെയോ ഇരുപതിന്റെയോ വൈകാരികത കാണിക്കും. ചുറ്റിലുമൊന്നു കണ്ണോടിച്ചാൽ ഇതു മനസ്സിലാകും. പത്രങ്ങളായ പത്രങ്ങളിൽ അച്ചടിച്ചു വരുന്ന വേണ്ടാതീനങ്ങളുടെ ഒക്കെ കാരണമന്വേഷിച്ച് വേറെങ്ങും പോകുകയും വേണ്ട.

പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ, ട്യൂഷനു വരുന്നവർ, വീട്ടിൽ വരുന്ന കാരണവന്മാർ ഇവരുടെയൊക്കെ മടിയിലിരിക്കുകയും വർത്തമാനം പറയുകയും ചെയ്യുമ്പോൾ, തീരെ കൊച്ചുകുട്ടികൾ പോലും ലൈംഗികതയിലേക്കവരെ പതുക്കെ വലിച്ചു മാറ്റും. അവസാനം ആ കുട്ടികളെത്തന്നെ ആ മുതിർന്നവർ ദുഷിപ്പിക്കും. ഒരു വികാരത്തിൽ, അജ്ഞതയിൽ അതു സംഭവിച്ചു കഴിയുമ്പോൾ പത്രങ്ങളും മറ്റുള്ളവയുമൊക്കെ മുതിർന്നവനെതിരെ എഴുതും. രോഷം പ്രകടിപ്പിക്കും. ഇവരൊന്നും ഈ ഹോർമോൺ കൊടുത്ത തന്തയേയും തള്ളയേയും കുറ്റം പറയില്ല. അതുണ്ടാക്കാൻ അനുമതി കൊടുത്തിരിക്കുന്ന ഗവൺമെന്റിനേയും കുറ്റം പറയില്ല. വേണമെങ്കിൽ, തെറ്റുകാരായ മാതാപിതാക്കൾക്ക് ഒരു സർക്കാർ ജോലി ഒക്കെ കൊടുക്കണമെന്ന് പറഞ്ഞുകളയും.

ആധുനിക ലോകത്ത് പണ്ടില്ലാത്ത വിധം കൊച്ചുകുട്ടികൾ നശിക്കുന്നതിന് ഇടയാകുന്ന കാരണം പ്രധാനമായും ഈ ഹോർമോൺ ഇംബാലൻസാണ്. അത് മുഖ്യമായും ഭക്ഷണ ത്തിലൂടെയാണ് കടന്നു വരുന്നത്. പുതിയ കുട്ടികളെ നോക്കിയാലറിയാം ബ്രോയിലർ കുട്ടികളായാണവർ വളരുന്നത്. ഒരു പന്ത്രണ്ടു വയസ്സു കഴിയുമ്പോൾ തന്നെ പെൺകുട്ടികൾക്ക് മെൻസ്റ്ററുറൽ പീര്യേഡ് നിന്നു പോകും. കാരണം ഹോർമോൺ ഇമ്പാലൻസ്. ഒന്നുകിൽ കണ്ടമാനം ബ്ലീഡിംഗ്. അല്ലെങ്കിൽ ബ്ലീഡിംഗ് ഇല്ലായ്മ. ഹോർമോണിന്റെ തുലനാവസ്ഥ തെറ്റുന്നതു കൊണ്ടാണിത്. പിന്നെ ഒരു ഗൈനക്കോളജിസ്റ്റിനെക്കണ്ട് ഹോർമോൺ കുത്തിവെയ്പ്പെടുത്താലേ പീര്യേഡ് ഉണ്ടാവു.

ഇതാവർത്തിക്കുമ്പോൾ പെൺകുട്ടികൾക്ക് താടിയും മീശയുമൊക്കെ കിളിർത്തു തുടങ്ങും. അതു കളയാൻ നേരെ ബ്യൂട്ടിപാർലറിലേക്ക്! പണ്ട് അപൂർവ്വം വല്ല സ്ത്രീകൾക്കുമാണ്, പോളീസിസ്റ്റിക് ഓവറിയും മറ്റുമുണ്ടെങ്കിൽ, താടിയിലും ചുണ്ടത്തുമൊക്കെ രോമം വളരുന്നത്. അവരെക്കണ്ട് നാട്ടുകാരൊക്കെ പാടും 'കൊച്ചീലൊരച്ചിയ്ക്കു മീശവന്നു.....' എന്നും മറ്റും. ഇന്ന് മിക്ക പെണ്ണുങ്ങൾക്കും മീശയുണ്ട്. അതൊക്കെ വടിച്ചു കളഞ്ഞിട്ടാണ് സ്ത്രീകൾ ഇന്ന് പുറത്തിറങ്ങുന്നത്. നമുക്കു ചുറ്റുമുള്ള ബ്യൂട്ടിപാർലറുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് നോക്കിയാൽ മതി. അതിന്റെ അകതൊക്കെ നടക്കുന്ന പരിപാടിയാണിത്. മീശവടിയ്ക്കൽ! ബാർബർഷോപ്പെന്നു പറഞ്ഞാൽ സ്റ്റാറ്റസിനു പോരാ. അതുകൊണ്ടാണ് ബ്യൂട്ടിപാർലർ എന്നൊക്കെ പേരിട്ടിരിയ്ക്കുന്നത്. രണ്ടിന്റെയും അകത്തു നടക്കുന്ന കർമ്മത്തിന്ന് വ്യത്യാസമില്ല. പിന്നെ ഒരു ഗുണമുണ്ടായി. ആ തൊഴിലിന് പണ്ടില്ലാത്ത ഒരു മാന്യതയൊക്കെ വന്നു. കുടുംബത്തിൽ പിറന്നതെന്ന് പറയപ്പെടുന്ന ഒരുപാട് കൊച്ചമ്മമാർ ഇന്ന് ഈ തൊഴിലിലുണ്ട്. വടിച്ചും, പറിച്ചും, ഇലക്ട്രോളിസിസ് ചെയ്തും നല്ല വരുമാനം ഉണ്ടാക്കുന്നുമുണ്ട്. കോഴിക്കച്ചവടക്കാരനും, ഗൈനക്കോളജിസ്റ്റുകളും അവർക്കു പണിയാൻ ഇഷ്ടം പോലെ ചരക്ക് ഉണ്ടാക്കി വിടുന്നുമുണ്ട്. അതിനു ചിലപ്പോഴവർക്കു കമ്മീഷനും കിട്ടുന്നുണ്ടായിരിക്കും. ഒന്നര രൂപയുടെ നല്ലൊരു ബ്ലേഡുകൊണ്ട് ചെയ്യേണ്ട പണിക്കു 125 രൂപ മുതൽ മുകളിലോട്ടാണല്ലോ ബ്യൂട്ടി പാർലറിൽ മേടിക്കുന്നത്.

**ഹോ**ർമോൺ ഇമ്പാലൻസിൽ വളർന്നു വന്ന ഒരു തലമുറ വലിയൊരു സാമൂഹിക വിപത്തായി പാശ്ചാത്യനാടുകളിൽ ഇന്നുണ്ട്. ഇന്ത്യയിൽ അത് ഉണ്ടായിത്തുടങ്ങിയിട്ടേയുള്ളൂ. നഗ്നതാ പ്രദർശനവും, അവയവങ്ങൾ മോടിപിടിപ്പിക്കലും, ഫാഷൻ ഷോകളും അതിന്റെ സൂചനകളാണ്. ഹോളിവുഡിലും, പാരീസിലെ ഫാഷൻ റാമ്പുകളിലും മാത്രം ഒതുങ്ങി നിന്ന ഇത്തരം വൈകൃതങ്ങൾ സൗന്ദര്യമത്സരങ്ങൾ നടത്തിയും, ലോക സുന്ദരിയെ തെരഞ്ഞെടുത്തും, ഭാരതം പോലെ കുടുംബങ്ങളിൽ അധിഷ്ടിതമായ നാടുകളിലേക്കും അധിനിവേശം നടത്തിക്കഴിഞ്ഞു. ഇവിടെയുള്ളവർക്ക് അത് സ്വീകാര്യമാവുകയും, ആവേശപൂർവ്വം അതിലൊക്കെ പങ്കെടുക്കാൻ താൽപ്പര്യം കാണിക്കുകയും ചെയ്യുമ്പോൾ, സാമൂഹിക ഘടനയ്ക്ക് ഉണ്ടായ മാറ്റം

ഊഹിക്കാവുന്നതാണ്. ഇന്ന് അമ്മമാരാണ് കൗമാരക്കാരായ പെൺമക്കളേയും കൊണ്ട് റാമ്പിലേക്കും, സ്റ്റേജിലേക്കും ചെല്ലുന്നത്. അവിടെ തങ്ങളുടെ മക്കൾ തുണിയഴിച്ചും, ശരീരഭാഗങ്ങൾ പ്രകടിപ്പിച്ചും നിൽക്കുമ്പോൾ ഇന്നത്തെ അമ്മമാർക്ക് ലജ്ജയില്ല. അവർ ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. അവിടെ നിൽക്കുന്ന കുട്ടികളുടെയൊക്കെ അച്ഛന്മാരുടെ കാര്യം പറയാതിരിക്കുകയാണ് ഭേദം. അതാരാണെന്ന് തള്ളയ്ക്കല്ലേ അറിയൂ. അമ്മയാണ് സത്യം അച്ഛൻ ഒരു വിശ്വാസമാണ് അല്ലേ! ഇപ്പോൾ ഇതും മാറിയിട്ടുണ്ടെന്നാണ് കേൾക്കുന്നത്. ബീജങ്ങൾ മാത്രമല്ല അണ്ഡവും വാങ്ങാൻ കിട്ടും. അയ്യായിരം മുതൽ അഞ്ച് ലക്ഷം വരെ വില കൊടുക്കണമെന്നു മാത്രം. അഴകിനനുസരിച്ച്. പിന്നെ എന്തമ്മ? ഏതമ്മ?.

പുതിയ ലോകക്രമത്തിൽ ഹരംകയറിയ അച്ഛനമ്മമാർ തങ്ങളുടെ കുട്ടിയെയും കൊണ്ട് കോസ്മെറ്റിക് സർജന്റെ അടുത്ത് ചെല്ലും. കുട്ടിയുടെ അത് ചെറുതാണ്, ഇത് ചെറുതാണ്, വേറൊന്നിന് ഭംഗി പോരാ, പല്ലു കെട്ടണം, മൂക്ക് നേരെയാക്കണം എന്നൊക്കെ പറഞ്ഞ്. ലക്ഷങ്ങൾ മുടക്കി അതൊക്കെ ചെയ്യുകയും ചെയ്യും.

സിലിക്കൺ കയറ്റിയും ചിലഭാഗങ്ങൾ ചെത്തിക്കളഞ്ഞും വേറെചിലതൊക്കെ തയ്ചുപിടിപ്പിച്ചും ഡോക്ടറന്മാർ അതൊക്കെ ചെയ്തു കൊടുക്കും. മനുഷ്യജീവൻ രക്ഷിക്കാൻ അഞ്ചും, എട്ടും, പത്തും കൊല്ലം വിദ്യ അഭ്യസിച്ചവരാണ് ഇപ്പോൾ മേക്കപ്പ്മാന്റെ പണി ചെയ്യുന്നത്!.

ഇങ്ങനെ ചെയ്യിച്ചെടുത്തിട്ടും തൃപ്തിവരാത്ത അമ്മമാർ സുതാര്യമായ ഉടുപ്പുകളൊക്കെ ഇടുവിച്ച്, കാറ്റത്ത് പറക്കുമ്പോഴും സീറ്റിലിരിക്കുമ്പോഴും കാണേണ്ടാത്തതൊക്കെ പുറത്ത് കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തി തങ്ങളുടെ മക്കളെ സമൂഹത്തിലേക്ക് ഇറക്കിവിടും. പാവം കുട്ടി! അവൾ അതേക്കുറിച്ചൊന്നും ബോധവതിയല്ല. പറഞ്ഞു കൊടുക്കേണ്ട അമ്മയ്ക്കാണെങ്കിൽ ഭ്രാന്ത്!.. എന്തിന്റെ ഭ്രാന്താണെന്നൊന്നും ഞാൻ പറയുന്നില്ല. മകൾക്കാണെങ്കിൽ ഹോർമോൺ ചെന്നതിന്റെ തകരാറ്. പരിസരബോധമില്ലാതെ കുട്ടിയങ്ങനെ ജീവിച്ചുപോകും.

അതേപോലെ തന്നെ വളർന്നുവരുന്ന എതിർലിംഗക്കാരനുമുണ്ട്. രണ്ടും കൂടി ചേരുമ്പോൾ ഒരു ബ്രോയിലർ ഫാമായി മാറുന്നു കേരളം.

ഹോർമോൺ ഇമ്പാലൻസിൽ രോഗികളുടെ കൗൺസിലിങ്ങിനും റീഹാബിലിറ്റേഷനുമായി പാശ്ചാത്യ നാടുകളിലൊക്കെ ക്ലിനിക്കുകൾ ഉണ്ട്. ഇവിടെയും അതൊക്കെ വരാൻ പോകുന്നു. അത്രയധികം ഉണ്ട് ഇവരുടെ ശാരീരിക, മാനസിക, സാമൂഹിക പ്രശ്നങ്ങൾ. ഇതിനൊക്കെ കാരണം അവരെ പെറ്റുവളർത്തുന്ന മാതാപിതാക്കന്മാരുടെ വികലമായ മാനസിക ധാരണകളാണ്. മരുന്നുകമ്പനികളും, സൈക്യാട്രിസ്റ്റുകളും, സാമൂഹിക സംഘടനകളും, ഇതൊക്കെ മുതലാക്കിയാൽ ആരെ കുറ്റം പറയണം? പോളിസിസ്റ്റിക് ഓവറി, പോളിസിസ്റ്റിക് യൂട്രസ് ഇവയൊക്കെ ഇന്നത്തെ സാധാരണ സ്ത്രീരോഗമാണ്. ഹോർമോൺ ഇമ്പാലൻസു കൊണ്ടുണ്ടാകുന്നത്. മരുന്നു കഴിച്ചാൽ ഇതൊക്കെ പോകും. പക്ഷെ മാറിക്കഴിഞ്ഞു വീണ്ടും കോഴിയെത്തിന്നും. വീണ്ടും വരും. അതുകൊണ്ട് ഹോർമോൺ ട്രീറ്റ് ചെയ്ത ഒരു സാധനവും കഴിയ്ക്കരുത്.

ജനിതകങ്ങൾ ഉപയോഗിച്ചുള്ള കൃഷിയും സർവ്വസാധാരണമായി ക്കൊണ്ടിരിക്കുന്നു.

ആപ്പിൾ തക്കാളി അഥവാ ജി.എം. 40 തക്കാളി ജനിതക രീതിയിൽ ഉത്പാദിപ്പിക്കുന്ന ഒരു ഐറ്റമാണ്. അത് കഴിച്ചാൽ കിഡ്നി ചുരുങ്ങും. അതിട്ടു കൊടുത്താൽ എലി തിരിഞ്ഞു നോക്കില്ല. കാക്ക കൊത്തുകയില്ല. അവയ്ക്കു നിങ്ങളേക്കാൾ വിവരമുണ്ട്. സർട്ടിഫിക്കേറ്റ് നേടാൻ അവറ്റയൊന്നും സ്കൂളിലും യൂണിവേഴ്സിറ്റിയിലും പോയി പഠിച്ചിട്ടില്ലാത്തതുകൊണ്ടാണ്. അതിന്റെ കുഞ്ഞുങ്ങളെ ഒന്നും എൽ.കെ.ജി. മുതൽ ഇംഗ്ലീഷ് മീഡിയത്തിൽ ചേർത്തു പഠിപ്പിച്ചിട്ടില്ലാ ത്തതു കൊണ്ട് അവയ്ക്കു വിവരമുണ്ടായി. നിങ്ങളെപ്പോലെ വിദ്യാഭ്യാസം ഇല്ലെങ്കിലും.

ജി.എം.40 തക്കാളി കഴിച്ചാൽ കിഡ്നി ചുരുങ്ങുമെന്ന് ഞാനങ്ങ് വെറുതെ പറയുന്നതല്ല. അത് ഉത്പാദിപ്പിക്കുന്ന കമ്പനി തന്നെ പരസ്യപ്പെടുത്തിയതാണ്. ഇതറിഞ്ഞിരുന്നുകൊണ്ട് നിങ്ങളതു വാങ്ങിച്ച് തിന്നും. എന്നിട്ട് ഡയാലിസിസിന് ഓടി നടക്കുകയാണ്. പെരിട്ടോണിയൽ ഡയാലിസിസ്. കീമോ ഡയാലിസിസ്... അതുകൊണ്ട് അത്തരം സാധനങ്ങൾ കഴിക്കരുത്. കഴിക്കണമെന്നുള്ളവർ മരുന്നു കഴിക്കേണ്ട.

ഇതൊക്കെ പഥ്യത്തിൽ പൊതുവേ അറിഞ്ഞിരിക്കേണ്ടവ മാത്രമാണ്. വിശദമായിച്ചുള്ളവ അച്ചടിച്ചു തന്നിട്ടുണ്ട്. പിന്നെയും എന്തെങ്കിലുമുണ്ടെങ്കിൽ അതു പ്രത്യേകം പറഞ്ഞു തരും.

ആഹാരത്തിന്റെ എല്ലാ രംഗത്തും നല്ല ശ്രദ്ധ വേണം. പാരമ്പര്യ വഴിവിട്ട് ഏതൊരാഹാരം കണ്ടാലും അതുടനെ വേണ്ടന്നു വെയ്ക്കണം. പാചകക്കുറിപ്പുകൾ നോക്കി ഭക്ഷണം ഉണ്ടാക്കിക്കഴിക്കരുത്. ഞാനീ പറയുന്നതൊക്കെ നിങ്ങളിലെ മുതിർന്ന തലമുറയ്ക്കു അറിവുള്ളതാണ്. അവർ അതനുസരിച്ചാണ് ജീവിച്ചത്. മൂത്തുനരച്ച് ആരെങ്കിലും ഇരിപ്പുണ്ടെങ്കിൽ അവരോട് ചോദിച്ചാലും ഇതൊക്കെ കിട്ടും. കാരണം പഥ്യമായിട്ടുള്ളതു മാത്രം കഴിച്ചതു കൊണ്ടാണ് അവർ ഈ പത്തും തൊണ്ണൂറും വയസ്സുവരെ ജീവിച്ചിരിക്കുന്നത്.

ഇവിടുന്നു തരുന്ന മരുന്നുകൾ നാലു വിഭാഗത്തിലാണ്.

ഒന്ന്, നിങ്ങൾ പറിച്ചെടുക്കേണ്ടവ. അവയാണ്, ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വിലപിടിപ്പുള്ള ഔഷധങ്ങൾ. മുക്കുറ്റി, കീഴാർനെല്ലി, തിരുതാളി, നിലം പരണ്ട, മുരിങ്ങത്തോൽ, മുരിങ്ങവേര്, മുരുങ്ങയില, ഉങ്ങിന്റെ തളിരില ഇങ്ങനെ കുറേ സാധനങ്ങൾ ഉണ്ടാകും. എഴുതി തരുന്നതായിട്ട്. ഇങ്ങിനെയുള്ളവ എഴുതി തന്നിട്ടുണ്ടെങ്കിൽ അവ, മറ്റുള്ളവയ്ക്കു കൊടുക്കുന്ന വിലയേക്കാൾ കൂടുതൽ വിലകൊടുത്തും, മറ്റുള്ളവ ശേഖരിക്കുന്നതിനേക്കാൾ സൗമ്യമായി ശേഖരിച്ചും വേണം ഉപയോഗിക്കേണ്ടത്. ഏറ്റവും വിലകൂടിയ മരുന്നാണ് അവയൊക്കെ. കാരണം, മനുഷ്യപ്രയത്നമില്ലാതെ പ്രകൃതി ഭൂമിയിൽ നിന്നുതന്നെ എല്ലാത്തരം ലോഹങ്ങളും, ധാതുക്കളും വേരുവഴി വളമായി വലിച്ചെടുത്ത്, ഇലകളിൽ വെച്ച് പാചകം ചെയ്ത് വളരെ കൃത്യതയോടു കൂടി ഔഷധങ്ങൾ ആക്കിത്തരുന്നതാണ് ഓരോ ചെടിയുടെയും സ്വരസങ്ങൾ. സ്വർണ്ണവും, വെള്ളിയും, ഇരുമ്പും, പിച്ചളയുമൊക്കെ വേണ്ട അളവിൽ ലോഹങ്ങളായും, ലോഹസങ്കരങ്ങളായും അവയിൽ നിലനിൽക്കുന്നു. എന്താണിതിന്റെ സവിശേഷത എന്നു ചോദിച്ചാൽ മനുഷ്യശരീരത്തിന് സ്വരസങ്ങളിലൂടെ ലോഹങ്ങളേയും, ധാതുക്കളേയും, സംയുക്തങ്ങളേയും അപായമില്ലാതെ, വേണ്ടത് വേണ്ടത്ര അളവിൽ ആഗിരണം ചെയ്യാൻ പറ്റും. നേരിട്ടു കൊടുത്താൽ അതു പറ്റില്ല. അയൺ ടാബ്ലെറ്റ് നിങ്ങൾ കഴിക്കുമ്പോൾ കുറെ ഇരുമ്പ് മലത്തിലൂടെ പുറത്തുപോകും. ഫെറംഫോസു കഴിച്ചാലും പുറത്തുപോകും. ലോഹഭസ്മം വാങ്ങിക്കഴിച്ചാലും വ്യത്യാസമൊന്നുമില്ല.

എന്നാൽ ഇരുമ്പടങ്ങിയ സ്വരസം കഴിക്കുമ്പോൾ ആ സന്ദർഭത്തിൽ ഇരുമ്പെത്രയാവശ്യമുണ്ടോ അതുമാത്രം ആഗിരണം

ചെയ്യപ്പെടുന്നത് കാണാം. സ്വരസത്തിൽ ഇരിമ്പിരിപ്പുണ്ടെങ്കിലും മലത്തിലൂടെ ഇരുമ്പ് പുറത്ത് പോകുന്നില്ല. ഈ പ്രതിഭാസമാണ് സ്വരസങ്ങളെ അത്ഭുത സിദ്ധിയുള്ള ഔഷധമാക്കുന്നത്.

അയൺ ഗുളികയിലെ ഇരുമ്പും, ഫെറംഫോസിലെ ഇരുമ്പും ലോഹഭസ്മത്തിലെ ഇരുമ്പും വെള്ളത്തിൽ ലയിക്കുകയില്ല. എന്നാൽ സ്വരസത്തിലെ ഇരുമ്പ് വെള്ളത്തിൽ ലയിക്കും. പാവയ്ക്കായിൽ ഇരുമ്പുണ്ട്. ഇത് കുത്തിപ്പിഴിഞ്ഞെടുക്കുമ്പോൾ വെള്ളത്തിൽ ലയിച്ച രൂപത്തിലാണ് നമുക്കത് കിട്ടുന്നത്. ഇരുമ്പൻപുളിയിലെ ഇരുമ്പും, കീഴാർ നെല്ലിയിലെ ഇരുമ്പും നമുക്കങ്ങനെ വെള്ളത്തിൽ കലർത്തിയെടുക്കാം. വെള്ളത്തിൽ ലയിക്കുന്ന പാകത്തിൽ ഇരുമ്പിനെ സൂക്ഷ്മമായി ആവിഷ്കരിക്കുവാൻ മാനവന്റെ ശാസ്ത്രത്തിനു ഇനിയും കഴിഞ്ഞിട്ടില്ല. എന്നാൽ പ്രകൃതിയ്ക്കു കഴിയും. അതുകൊണ്ട് ലോകത്തിലെ അസുലഭമായ ഔഷധങ്ങളുടെ ഏറ്റവും വലിയ കലവറ പ്രകൃതിയാണ്. പ്രകൃതിയിലെ ഔഷധങ്ങൾക്ക് തുല്യമായ ഔഷധങ്ങൾ ഉണ്ടാക്കിത്തരാൻ ഒരു കമ്പനിക്കും, ഒരു വ്യക്തിക്കും, ഒരു സയൻസിനും ഇന്നോളം കഴിഞ്ഞിട്ടില്ല. ഇനി കഴിയുമെന്നും തോന്നുന്നില്ല. കാരണം അവയിൽ ഒഷധം ഇരിക്കുന്നത് ആറ്റമിക് തലത്തിൽ പോലുമല്ല. ഇതു സംബന്ധിച്ച് ഭർത്തൃഹരിയുടെ ഒരു പഠനം ആയുർവ്വേദത്തിലുണ്ട്. ദ്രവ്യം വിഭജിച്ച് ചെല്ലുമ്പോൾ അണു. അണുവിനെ വിഭജിക്കുമ്പോൾ ധനാണു, ഋണാണു. പോസിറ്റീവ് പാർട്ടിക്കിൾസും, നെഗറ്റീവ് പാർട്ടിക്കിൾസും. ഇതിൽ നെഗറ്റീവ് പാർട്ടിക്കിളിനെ – ഋണാണുവിനെ – വിഭജിക്കുമ്പോൾ ഘർഷാണു, കൃഷ്ണാണു. വീണ്ടും അതിലെ കൃഷ്ണാണുവിനെ വിഭജിച്ച് കിട്ടുന്നത് സർഗ്ഗാണു. സർഗ്ഗാണു പര്യന്തമെത്തുമ്പോൾ പദാർത്ഥം ഇല്ല. അവിടെ കൈകാര്യം ചെയ്യുന്നവന്റെ മനസ്സും പദാർത്ഥവും ഒന്നാകുന്നു. ക്ലാസിക്കൽ ഫിസിക്സ് പഠിച്ചവർക്ക് ഇതു വേഗം മനസ്സിലാകും. വെർനർ ഹൈസൻ ബർഗ്ഗിനേപ്പോലുള്ളവർ ഇത്തരം സമസ്യകളുടെ മുന്നിൽ ചെന്നു പെട്ടിട്ടുണ്ട്. അവരുടെ അനുഭവങ്ങൾ തേടിപ്പിടിച്ചു വായിക്കണം. പൗരാണികർ, പക്ഷേ പണ്ടു തന്നെ ഇത് ദർശിച്ചിരുന്നു.

മുക്കുറ്റിയിലും, കീഴാർനെല്ലിയിലുമൊക്കെ സർഗ്ഗാണു തലത്തിലാണ് മരുന്നിരിക്കുന്നത്. അത് പറിക്കുന്നവന്റെ മനസ്സു പോലെ അതു പ്രവർത്തിക്കും. അതുകൊണ്ട് പഴയ വൈദ്യന്മാർ ഇത്തരം

മരുന്നുകളൊന്നും എഴുതിത്തരാറില്ല. കാരണം ഇതൊന്നും ആരേയും പറഞ്ഞു മനസ്സിലാക്കാൻ ആവില്ല. അതുകൊണ്ട് അവർ പറിച്ച് അരച്ച് കയ്യിൽ കൊണ്ടുത്തരും. മരുന്നു പറിയ്ക്കാൻ പോകുമ്പോൾ അവർ വർത്തമാനം പറയില്ല. അവരുടെ മനസ്സിൽ രോഗം ഭേദമാകണമെന്നുള്ള ചിന്ത മാത്രമേയുള്ളൂ. തൊട്ടുരിയാടാതെ പറിച്ചെടുത്തു കൊണ്ടുവരുന്ന മരുന്ന് അരച്ചുകൂട്ടി രോഗിയുടെ വായിലെറിഞ്ഞുകൊടുക്കും. നിങ്ങളിൽ പലർക്കും അനുഭവം കാണും. ഒരു ഡോസുകൊണ്ട് മഞ്ഞപ്പിത്തമൊക്കെ മാറും. അത്തരം രഹസ്യങ്ങളൊന്നും ചുമ്മാതെ അവർ അടുത്ത തലമുറയ്ക്ക് കൊടുക്കില്ല. അടുത്ത തലമുറ ഭൗതിക നേട്ടങ്ങൾക്കു വേണ്ടി ഇതുപയോഗിച്ചാൽ മരുന്നിന്റെ വീര്യം പോകും. നേരത്തെ പറഞ്ഞല്ലോ, മനസ്സു കൊണ്ടാണ് അതു പ്രവർത്തിക്കുന്നതെന്ന്. അതിനുള്ള അനുഷ്ഠാനങ്ങളും മര്യാദകളും പാലിക്കുന്നവർക്കേ അതു പ്രവർത്തിക്കാനാവൂ. മരുന്നു കൊടുക്കുന്നവർക്ക് അതിനുള്ള ഉപാസനകൾ വേണം. അങ്ങിനെയുള്ള മക്കളുണ്ടെങ്കിൽ അവർക്കതു പറഞ്ഞു കൊടുക്കും. ഇല്ലെങ്കിൽ അവർ കാത്തിരിക്കും. ചിലപ്പോൾ അയൽപ്പക്കത്തോ, ആൾത്തിരക്കിനിടയിലോ അതിനു പറ്റിയ ആളെ കണ്ടെത്തിയാൽ അവന് കൊടുക്കും.

പ്രാചീനന്റെ വൈദ്യശാസ്ത്രത്തിൽ അദ്ഭുതമുളവാക്കുന്ന അനേകം ഔഷധങ്ങൾ ഉണ്ട്. കാട്ടുവെള്ളരിയുടെ നീര് പിഴിഞ്ഞെടുത്ത് ഒരു പാത്രത്തിലാക്കി കാൽ അതിൽ മുക്കി വെച്ചു നിന്നാൽ ഒരു മണിക്കൂർ കഴിയുമ്പോൾ അതിന്റെ കയ്പ് നാവിലെത്തും. അപ്പോഴേക്കും മനുഷ്യശരീരത്തിലെ സകല സ്രോതസ്സുകളും തുറന്നിരിക്കും. അതോടെ പൈൽസും ദേഹത്തുണ്ടായിരുന്ന സകല ദുഷിപ്പും പോകും. ധമനികളിൽ ബ്ലോക്കുണ്ടെങ്കിൽ അതും മാറും. പക്ഷെ ഈ റിസൽട്ട് നൊടിനേരം കൊണ്ട് കിട്ടണമെങ്കിൽ മനസ്സിന് തക്കതായ പക്വത വേണം. പറിക്കുന്നവനും, പിഴിയുന്നവനും കയറി നിൽക്കുന്നവനും.

ഇത്തരം ഔഷധങ്ങൾ ഒക്കെ ഇങ്ങിനെ പറഞ്ഞു തരുമ്പോൾ നിങ്ങളിൽ തീരെപ്പാവങ്ങളും, വലിയ കഴിവൊന്നുമില്ലാത്ത ഇടത്തരക്കാരനും ഇതൊക്കെ കേട്ട് ഭവ്യമായി പോയി ചെയ്യും. 'മുക്കുറ്റി അരച്ച് പാലിൽ കഴിക്കൂ, നിങ്ങളുടെ ഡയബറ്റിക്സ് മാറും' എന്നു പറഞ്ഞു കൊടുത്താൽ ഈ സാധാരണക്കാരൻ വീട്ടിൽ ചെന്ന്, കുളിച്ച് ശുദ്ധമായി, വൈദ്യർ പറഞ്ഞതു സത്യമായി വരുമെന്ന് വിശ്വസിച്ച്, ചെടിയെ

പീഡിപ്പിക്കാതെ പിഴുതെടുത്ത്, കഴുകി ശുദ്ധമാക്കി അരച്ച് സേവിക്കും. ഒരാഴ്ച കഴിയേണ്ട അവന്റെ ഷുഗർ 300ൽ നിന്നും 120ൽ എത്തും. മൂന്നുമാസം കഴിയുമ്പോൾ രോഗം വന്നതിന്റെ അവശേഷിപ്പു പോലും അവനിൽക്കാണില്ല. അവന് ചക്കേം മാങ്ങേം തിന്നാം. പാൽപ്പായസവും കുടിക്കാം.

അതേ സമയം സമ്പന്നൻ ഒരു കൂലിക്കാരനെ വിളിച്ച് പറയും: '10 കിലോ മുക്കുറ്റി വേണം, സ്വാമി എഴുതിത്തന്നതാണ്'. സ്വന്തം പറമ്പിലുണ്ടെങ്കിലും സമ്പന്നർ ചെന്നു അതു പറിക്കുകേല. കൂലിക്കാരൻ ഉടനെ അന്നത്തെ ജോലിയും കളഞ്ഞു മുക്കുറ്റി പറിക്കാൻ പോയി. പറമ്പായ പറമ്പൊക്കെ കയറി മറിഞ്ഞ് മൂന്നു ദിവസം കഴിയുമ്പോൾ മുക്കുറ്റിയുമായി തിരിച്ചു വരും. സമ്പന്നന്മാർ അതെടുത്ത് ഫ്രിഡ്ജിൽ തള്ളും. എന്നിട്ട് ഒരഞ്ചുരൂപയെടുത്ത് അവന്റെ കയ്യിൽ കൊടുത്തിട്ട് പറയും 'നീയെടുത്തോ'. മൂന്നുദിവസത്തെ കഷ്ടപ്പെട്ടതിനുള്ള കൂലിയാണ് അഞ്ചുരൂപ. അവൻ അതൊന്ന് ഓർമ്മിപ്പിച്ചാൽ സമ്പന്നൻ അത്ഭുതം നടിക്കും. 'ഈ പള്ളയൊക്കെ പറിച്ചു കൂട്ടുന്നതിന് അഞ്ചുരൂപ തന്നെ കൂടുതലാ' സമ്പന്നൻ ദാരിദ്ര്യം കാണിക്കും. അവന്റെ പ്രാക്കോടെയാകും പിന്നെ മുക്കുറ്റി അകത്തോട്ട് കേറുന്നത്. രോഗം കുറയില്ല. അത് കൂടും. അതു പിന്നെ പല രോഗങ്ങളായിട്ട് വികസിക്കും. അതുകൊണ്ട് ഔഷധം പറിക്കുമ്പോഴും, ഔഷധം എടുക്കുമ്പോഴും വളരെയധികം ശ്രദ്ധിക്കണം.

കല്ലുരുക്കിയുടെ ഇല കഴിച്ചാൽ സ്റ്റോൺ പോകും. എല്ലാവരുടെയും പോവില്ല. അഞ്ചു വരിക്കപ്ലാവില ഞെട്ട് കൊണ്ട് ഡയബറ്റിക്സ് മാറ്റാം. ചെമ്പരത്തിമൊട്ട് കാടിവെള്ളത്തിൽ അരച്ച് കഴിച്ചാൽ കൊളസ്ട്രോൾ ശരീരത്തിന് വേണ്ട നിലയിലാകും. ഉങ്ങിന്റെ തളിരില തോരൻ വച്ചു കൂട്ടിയാൽ പൈൽസ് പരിഛേദം മാറും. കൊടുവേലിക്കിഴങ്ങ് ശുദ്ധി ചെയ്ത് പാലിൽ അരച്ചു കഴിച്ചാൽ സ്ത്രീകൾക്കു ബ്രസ്റ്റിലും, യൂട്രസ്സിലും, ഓവറിയിലും, ഉദരത്തിലും വരുന്ന മുഴകൾ പതിനഞ്ചു ദിവസം കൊണ്ട് അപ്രത്യക്ഷമാകും.

ഇങ്ങനെയുള്ളവയൊക്കെ എഴുതി തന്നിട്ടുണ്ടെങ്കിൽ അവയാണ് ഏറ്റവും പ്രധാനം. ഒന്നാം സ്ഥാനം അവയ്ക്കാണ്. ഭവ്യമായി, ശുദ്ധമായി, വൃത്തിയായി, ശ്രദ്ധാപൂർവ്വം അവ പറിച്ച് കഴിക്കണം.

അടുത്തത് നിങ്ങൾ വാങ്ങിച്ച് കഷായം വച്ചു കഴിക്കേണ്ടതാണ്.

അങ്ങാടി മരുന്നു ഏറ്റവും വൃത്തിഹീനമായ ചുറ്റുപാടിലാണ് ഇന്ന് സൂക്ഷിക്കുന്നത്. പാറ്റയുടെയും എലിയുടെയുമൊക്കെ കാട്ടം അതിലുണ്ടാകും. അതുകൊണ്ട് ഇവിടുന്നു തരുന്ന കുറിപ്പടി അതേപോലെ കൊണ്ടുപോയി കൊടുത്തു പൊതിഞ്ഞു വാങ്ങിക്കരുത്. നിങ്ങൾ അലസന്മാരും എളുപ്പക്കാരുമായതുകൊണ്ട് അതേ ചെയ്യുകയുള്ളു എന്ന് എനിക്കറിയാം. അതുകൊണ്ടാണ് പ്രത്യേകം പറയുന്നത്. കടുക്കാത്തോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട്, കാട്ടുജീരകം എന്ന് നാലുമരുന്ന് 60 ഗ്രാം എന്ന് എഴുതിയിട്ടുണ്ടെങ്കിൽ, ഒരു മരുന്ന് 15 ഗ്രാമാണ്. അങ്ങനെ മുപ്പതു ദിവസത്തേക്ക് ഓരോന്നും 15 ഗ്രാം വീതം 450 ഗ്രാം വേണം. ഓരോന്നും പേപ്പറിൽ പ്രത്യേകം എഴുതുക. കടുക്കാത്തോട് – 450, നെല്ലിക്കാത്തോട് – 450 അങ്ങിനെ. എന്നിട്ട് അങ്ങാടിക്കടയിൽ കൊടുത്ത് 500 ഗ്രാം വീതം വാങ്ങിക്കുക. വീട്ടിൽ കൊണ്ടു വന്ന് അതിലെ പുഴു, കല്ല്, തോട് എല്ലാം എടുത്തുകളയുക. എന്നിട്ടതിനെ 15 ഗ്രാം വീതം വേർതിരിച്ച് വെച്ച് വൃത്തിയായി കഷായം ഉണ്ടാക്കി വേണം കഴിക്കാൻ. അല്ലെങ്കിൽ ഛർദ്ദിക്കും. ആകെ ക്കുഴപ്പമാകും. അതിലെ വൃത്തികേടുകൾ കാരണം പുതിയ രോഗങ്ങൾ ഉണ്ടാകും. കുട്ടികൾക്കും മറ്റും കഷായം വച്ചു കൊടുക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. അത്രയൊക്കെ മെനക്കെടാമെങ്കിലേ ചികിത്സയ്ക്കു വേണ്ടി ഇവിടെ നിൽക്കേണ്ടതുള്ളൂ.

ഇത് രണ്ടാമത്തെ വിഭാഗത്തിലെ മരുന്നാണ്. ആദ്യം പറഞ്ഞ സ്വരസങ്ങളും ഇതുമാണ് രോഗം മാറാൻ അത്യാന്താപേക്ഷിതമായ മരുന്ന്.

ചില രോഗങ്ങൾക്ക് ആധിക്യം കൂടുതൽ ഉണ്ടെങ്കിൽ സ്വർണ്ണത്തിന്റെ ഭസ്മം, കുങ്കുമപ്പൂവ്, കസ്തൂരി, യവാദ്, വെരുകിൻ പുഴു തുടങ്ങിയ വിലകൂടിയ മരുന്നുകൾ വേണ്ടിവരും. അവ നിങ്ങൾ അന്വേഷിച്ചാൽ ഒറിജിനൽ ഒന്നും കിട്ടിയെന്നുവരില്ല. ഞങ്ങൾ അന്വേഷിച്ചാലും കിട്ടുന്നത് നൂറു ശതമാനം ഒറിജിനലാണെന്നൊന്നും പറയാൻ പറ്റില്ല. എങ്കിൽപ്പോലും കുറച്ചൊക്കെ അവയെപ്പറ്റി അറിയാവുന്നതുകൊണ്ട് ഭാഗീകമായി നല്ലതായിരിക്കും എന്ന് വിശ്വസിക്കാം. വിലകൂടിയ മരുന്നാുകളിലൊക്കെ മായം ചേരുന്ന കാലമാണ്. വിലകൂടിയവയിലൊക്കെ മായം കൂടുതൽ ചേരും. ഇത്തരം വിലകൂടിയ മരുന്നുകളിൽ ചിലതൊക്കെ, നിങ്ങളെപ്പോലെ ഇവിടെ വന്ന് രോഗം മാറിപ്പോയവരിൽ പലർക്കും കൊണ്ടുത്തരാൻ കഴിയുന്നതു

കൊണ്ട് ഒറിജിനലായി കുറെ കിട്ടുന്നുണ്ട്. അവ ചേർത്തുണ്ടാക്കുന്ന വയാണ് മൂന്നാമത്തെ വിഭാഗത്തിലെ മരുന്നുകൾ. അവ വളരെ വിലപിടിപ്പുള്ളവയാണ്. നിർമ്മാണ രീതി കൊണ്ടും അവയിൽ ചേർക്കുന്നവയുടെ വിലകൊണ്ടും. എന്നിരുന്നാലും പല മരുന്നുകളും വില കൊടുക്കാതെ കിട്ടുന്നതുകൊണ്ട് അവയ്ക്ക് യഥാർത്ഥത്തിലുള്ള വില അതിൽ ഇട്ടിട്ടുണ്ടാവില്ല ചിലതൊക്കെ പകുതി വിലയ്ക്കോ, മറ്റുചിലതൊക്കെ തീരെ സൗജന്യമായിട്ടോ ആണ് നിങ്ങൾക്ക് നൽകുന്നത്. അവ ആവശ്യത്തിൽ കൂടുതൽ വാങ്ങിക്കൊണ്ടു പോകരുത്. 15 ദിവസത്തേക്കോ പരമാവധി 30 ദിവസത്തേക്കോ മാത്രം വാങ്ങുക. അതിൽ കൂടുതൽ ഒട്ടും വാങ്ങരുത്. വാങ്ങിക്കഴിച്ച് രോഗം മാറിയാൽ മിച്ചം വരുന്നത് എടുത്ത് കളയരുത്. പാവങ്ങൾക്ക് കൊടുക്കാൻ അവ തിരിച്ചു കൊണ്ടുത്തരണം. അത്രയും നന്മ നിങ്ങൾക്കുണ്ടാകണം. ഞങ്ങൾ നിർമ്മിക്കുന്ന ഈ മരുന്നിന് മൂന്നാം സ്ഥാനമേയുള്ളൂ എന്ന് പ്രത്യേകം ഓർമ്മിക്കണം. ഒന്നും രണ്ടും സ്ഥാനത്ത് നേരത്തേ പറഞ്ഞ പറിച്ചുകഴിക്കേണ്ടതും ഉണ്ടാക്കി ക്കഴിക്കേണ്ടതുമായ മരുന്നാണ്.

സർവ്വോപരി നിങ്ങളുടെ വരുമാനത്തിന്റെ പത്തിലൊന്ന് ദാനം ചെയ്താലേ രോഗം മാറുകയുള്ളൂ. വൺ ടെൺത് സക്കാത്തായി കൊടുക്കണം! വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയുകയുമരുത്. കൊടുക്കുന്നത് നിങ്ങളുടെ ഔദാര്യമല്ല, വാങ്ങുന്നവന്റെ അവകാശമാണെന്ന ബോധത്തോടെ ദാനം ചെയ്യണം. ദാനം എന്നു പറഞ്ഞുകൊണ്ട്, സുനാമിയൊക്കെ വന്നപ്പോൾ ആശ്രമങ്ങൾക്കും സംഘടനകൾക്കും വലിയ വലിയ ആളുകൾക്കും, മന്ത്രിയുടെ ഫണ്ടിലേക്കുമൊക്കെ നിങ്ങൾ ഒരുപാടു പണം കൊടുത്തു കാണും. അതൊക്കെ പാപത്തിലേ പെടു. പുണ്യത്തിൽ പെടില്ല. അധർമ്മം ചെയ്ത് ഒരുപാട് സമ്പത്തുണ്ടായിക്കഴിയുമ്പോൾ അമ്പലത്തിലും പള്ളിയിലും അനാഥാലയത്തിലും കൊണ്ടുകൊടുക്കുന്നത് ദാനമാകില്ല. നിങ്ങളുടെ അധർമ്മത്തിന് ദൈവത്തിനെക്കൂടി പങ്കുകാരനാക്കാമെന്ന് വിചാരിച്ചാണ് അതു ചെയ്യുന്നത്. അങ്ങനെ നിന്നുതരുന്ന ആളല്ല ദൈവം. ഈശ്വരനെ വണങ്ങുമ്പോൾ പണം ഇട്ടില്ലെങ്കിലും കുഴപ്പം ഇല്ല. അധർമ്മം ചെയ്യാതിരുന്നാൽ മതി. അല്ലെങ്കിൽ പലവിധ രോഗങ്ങൾ ഉണ്ടാകും. മദ്യം വിറ്റും, അഴിമതി നടത്തിയും, കൊള്ളലാഭവും കൊള്ളപ്പലിശയും

വാങ്ങിയും കൂട്ടി വെച്ച പണം രോഗമായും, മറ്റു കുടുംബപ്രശ്നങ്ങളായും തിരിഞ്ഞുകുത്തുമ്പോൾ, നിങ്ങൾ ആശ്രമങ്ങളെയും സന്യാസിമാരെയും ചെന്നാശ്രയിക്കും. തന്റെ വിഴുപ്പുഭാണ്ഡം അവിടെ വെച്ചിട്ടുപോരും. നിങ്ങളുടെ വൃത്തികേടുകൾ തള്ളാനുള്ളിടമല്ല ദിവ്യപുരുഷൻമാരുടെ സങ്കേതങ്ങൾ. നിങ്ങളൊക്കെ കയറിപ്പറ്റിയതിന്റെ സകല കുഴപ്പങ്ങളും ഇന്ന് അവിടെയൊക്കെയുണ്ട്. പുറത്തു ചെയ്തു പോന്നതു തന്നെ നിങ്ങൾ അകത്തും ചെയ്യും. ഇങ്ങനെ കൊണ്ടുചെന്നു തള്ളുന്ന പണമൊന്നും ദാനമാവില്ല. സക്കാത്താവില്ല. സേവനമാവില്ല.

സംഘടനകൾ വഴിയും ആശ്രമങ്ങൾ വഴിയും മറ്റു പലവിധത്തിലും ദാനം ചെയ്യാമെന്ന് വിചാരിച്ചാൽ തന്നെ അതുകൊണ്ട് നിങ്ങൾക്ക് ഒരു പ്രയോജനവും കിട്ടില്ല. കാരണം അത് ചെല്ലേണ്ടവന്റെ കയ്യിൽ ചെല്ലില്ല. അങ്ങനെ ചെന്നാലേ പുണ്യത്തിന്റെ കണക്കിൽ അതു ചേർക്കൂ. സുനാമിയുടെ പേരിൽ ഒരുപാട് പിരിച്ചെങ്കിലും അതിൽ ദുരിതം അനുഭവിച്ചവർക്ക് ഒന്നും കിട്ടിയില്ല. സപ്താഹമൊക്കെ നടക്കുന്നിടത്ത് ഞാനും ഒരു 'സുനാമിപ്പെട്ടി' വെച്ചിരുന്നു. 'സുനാമി' എന്നൊരു പേരു വെച്ചാൽ നിങ്ങൾ അതിൽ ഇഷ്ടംപോല കൊണ്ടുവന്നിടുമെന്ന് എനിക്കറിയാം. രസീതും കണക്കുമൊന്നും ഇല്ലാത്തതുകൊണ്ട് എത്ര വീണു എന്ന് നിങ്ങൾ അറിയാൻ പോകുന്നില്ല. ഈ പൈസ കൊണ്ട് ഞാൻ കാറുമേടിക്കുമെന്നല്ലാകെ സുനാമിക്കാരനു കൊടുക്കുകയൊന്നുമില്ല. നിങ്ങളുടെ കണ്ണിൽ മണ്ണിടാനാണ് എന്തെങ്കിലുമൊരു നക്കാപ്പിച്ച മന്ത്രിയേയോ ഗവർണ്ണറേയോ ഏൽപ്പിച്ച് പടം പത്രത്തിൽ അച്ചടിപ്പിക്കുന്നത് പത്രക്കാർക്കും അതൊരു സന്തോഷമാണ്. അവർക്കും ഈ പിരിവൊക്കെയുണ്ടല്ലോ. നമ്മുടെ സോഷ്യൽ വർക്കിന്റെ നിലയിതാണ്. പള്ളിക്കുള്ളത് പള്ളിക്കും സീസറിനുള്ളത് സീസറിനും എന്നാണ് പണ്ടുമുതലേ. അതുകൊണ്ട് ഇതിനൊക്കെ കൊടുക്കണമെന്നു തോന്നിയാൽ കൊടുത്തുകൊള്ളൂ. പക്ഷേ അതൊന്നും പുണ്യത്തിൽ പെടില്ല.

നിങ്ങളുടെ കൺമുമ്പിൽ കാണുന്ന പാവത്തിന് നിങ്ങൾ നേരിട്ട് കൊടുക്കുന്നതേ പുണ്യമാവൂ. ഇങ്ങനെ ദാനം ചെയ്താൽ അതുകൊണ്ട് മാത്രം നിങ്ങളുടെ രോഗം മാറും. പഠിക്കാൻ കഴിവുണ്ടായിട്ടും അതിനു സാഹചര്യമില്ലാത്ത കുട്ടികൾ, ആരും നോക്കാനില്ലാത്ത വല്യമ്മമാർ തുടങ്ങി ആരെങ്കിലുമൊക്കെ നിങ്ങളുടെ ചുറ്റുപാടിലും കാണും. മറ്റാരും

അറിയാതെയും, മാറ്റാരേയും അറിയിക്കാതെയും അവരെയൊക്കെ സഹായിക്കുക.

പത്രങ്ങളിൽ പടം അച്ചടിച്ച് സഹായം അഭ്യർത്ഥിക്കുന്ന വരുണ്ട്. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവണം. അവരുടെ അടുത്തു പോയി നേരിട്ട് അന്വേഷിച്ചിട്ട് വേണം അവരെ സഹായിക്കേണ്ടത്. പലപ്പോഴും ഈ വാർത്തകൾ അച്ചടിക്കുന്നത് അവരൊന്നും ആവശ്യപ്പെട്ടിട്ടാകില്ല. ഏതെങ്കിലും സംഘടനയോ ആശുപത്രി കളോ ആയിരിക്കും ഇതൊക്കെ ഇടുന്നത്. അവർക്ക് അതിന് തക്കതായ ലാഭവും ഉണ്ടായിരിക്കും. ഞാനോ നിങ്ങളോ ഒരു പത്രാഫീസിൽ ചെന്ന് ദുരിതമനുഭവിക്കുന്നവർ ഉണ്ടെന്ന് പറഞ്ഞാൽ അവർ കേട്ടിരിക്കുമെന്നല്ലാതെ പിറ്റേന്നത്തെ പത്രത്തിൽ വാർത്തയൊന്നും വരില്ല. ഇതിനു ചില ഇടനിലക്കാരൊക്കെയുണ്ട്. വാർത്ത ശ്രദ്ധിച്ചു വായിച്ചാൽ അത് മനസ്സിലാകും. 'അത്യപൂർവ്വമായ രോഗമാണ്', 'ഇന്ന ഡോക്ടർക്കേ അതു ചികിത്സിക്കാനാവൂ'. 'ഓപ്പറേഷന് ഇത്ര ലക്ഷം രൂപ വേണം'. എന്നൊക്കെ വാർത്തയിലുണ്ടാകും. അതിന്റെ ഉദ്ദേശ്യം എന്താണെന്ന് നിങ്ങൾ സ്വയം ആലോചിച്ച് മനസ്സിലാക്കിക്കൊള്ളുക. ഞാനത് പറയുന്നില്ല. 'അത്യപൂർവ്വം' എന്നു പറയുന്ന ഒരു രോഗവും ലോകത്തില്ല. ചികിത്സിച്ച് ചികിത്സിച്ച് ചികിത്സ ഫലിക്കാതെ വരുമ്പോൾ ഡോക്ടർ മാരിടുന്നതാണ് അത്യപൂർവ്വം എന്ന വിശേഷണം. പിന്നെ ഓപ്പറേഷന്റെ ഒക്കെ കാര്യം. ഒരു ആശുപത്രി നടത്തിക്കൊണ്ടു പോകുവാൻ ഒരുപാടു ചെലവുണ്ട്. അത് എങ്ങനെയെങ്കിലും പിരിച്ചെടുത്തേ പറ്റൂ. അതുകൊണ്ട് ഇത്തരം വാർത്തകൾ കാണുമ്പോൾ ഉടനെ ചാടിക്കയറി സഹായിച്ചു കളയരുത്. അന്വേഷിച്ചിട്ട് അത്യാവശ്യമാണെന്ന് തോന്നുന്നെങ്കിൽ വേണ്ട സഹായം ചെയ്യണം.

**നി**ങ്ങൾ ഇവിടെ വരുമ്പോൾ കൂടെ കൊണ്ടുപോന്നിട്ടുള്ള ബന്ധുക്കളായും, പരിചയക്കാരുമായുള്ള ആളുകളെ പ്രത്യേകം സൂക്ഷിക്കണം. അവരിൽ 90 ശതമാനവും നിങ്ങളുടെ കാലന്മാരാണ്. അവർ മതിയാകും നിങ്ങളെ കൊല്ലാൻ. ഇടയ്ക്കിടക്ക് രോഗത്തിന്റെ വലിപ്പം നിങ്ങളെ ഓർമ്മിപ്പിക്കും. രോഗിയുടെ കിടക്കക്കരുകിൽ നിന്നും പരിചരിക്കുന്ന ബന്ധുവിനെ വിളിച്ചു മാറ്റി നിർത്തി രോഗി കേൾക്കരുതെന്ന ഭാവത്തിൽ സംസാരിച്ചും ഇവർ കാലന്റെ ഏജൻസിപ്പണി ചെയ്യാൻ ഇടയുണ്ട്. രോഗി കേൾക്കരുതെന്ന് വിചാരിച്ച് പറയുന്നത് 'രോഗിക്കിനി ആയുസ്സില്ലാ' എന്ന് ഡോക്ടർ അറിയിച്ചിട്ടുണ്ടെന്നായിരിക്കും. രോഗിക്കത് കേൾക്കാം എന്നവർക്കറിയില്ല.

വേറെ ചില വിദ്വാൻമാരുണ്ട്. ആർ.സി.സി.യിലൊക്കെ അച്ഛനേയും കൊണ്ട് പോയിട്ടുവന്നവരായിരിക്കും. അച്ഛനെ പുറത്ത് നിർത്തിയിട്ട് കയറി വന്നു. പതുങ്ങിയ സ്വരത്തിൽ പറയും അച്ഛന് ക്യാൻസറാണെന്ന് അവർ എഴുതിത്തന്നിട്ടുണ്ട്. ഇതുവരെ അചഛനോട് പറഞ്ഞിട്ടില്ല. സ്വാമി അതു പറയല്ലേ. പഠിപ്പും വിവരവുമുള്ള അച്ഛനായിരിക്കും പുറത്ത് നിൽക്കുന്നത്. ഇവൻ അകത്തേക്ക് കയറിപ്പോകുമ്പോൾ തന്നെ അച്ഛന് കാര്യം മനസ്സിലാകും. പിന്നെ അത് അറിഞ്ഞതായി നടിക്കുകയില്ലെന്ന് മാത്രം. ആർ.സി.സി. യിലൊക്കെ പോകണമെന്ന് പറഞ്ഞപ്പോൾ തന്നെ അച്ഛന് കാര്യം പിടികിട്ടിയതാണ് ആർ.സി.സി.യിൽ പോകുന്നത് മോഹൻലാലിന്റെ സിനിമ കാണാനൊന്നുമല്ലെന്ന് ആർക്കാണ് അറിയാത്തത്. പിന്നെയാണ് ഇവന്റെ വകയൊരു മുന്നറിയിപ്പ്. മകൻ സ്വാമിയുമായി രഹസ്യം പറയുന്നത് കാണുമ്പോൾ പിന്നെ ഒരു സംശയമേയുള്ളൂ. ഇവനെന്താ ഇത്ര രഹസ്യം പറയാനുള്ളത്. മക്കളൊക്കെ ശുശ്രൂഷിച്ചും പരിചരിച്ചും മടുത്തോ? എങ്കിൽ മരണം തന്നെയാണ് ഭേദം. അതുകൊണ്ട് രോഗിയെക്കാണിക്കുന്നതിന് മുമ്പ് ഒരു ബ്രീഫിങ്ങും വേണ്ട. എന്റെ എടുത്തു വന്ന് ചികിത്സിക്കുന്നതിന് ഒരു ഇടനിലക്കാരന്റെയും ആവശ്യമില്ല. രോഗികൾക്കിവിടെ പരമാവധി സ്വാതന്ത്ര്യമുണ്ട്. രോഗികൾക്ക് മാത്രം.

ഇനി മറ്റൊരു കൂട്ടരുണ്ട്. മകൻ രഹസ്യം പറഞ്ഞ് ഇറങ്ങി പ്പോയിക്കഴിയുമ്പോൾ അച്ഛൻ കയറിവരും. മകൻ മരുന്നു വാങ്ങിക്കാൻ അപ്പുറത്തേക്കു പോയോ എന്ന് ശ്രദ്ധിച്ച് ഉറപ്പു വരുത്തിയതിന് ശേഷമാണ് കയറിവരുന്നത്. സ്വാമി, എന്റെ രോഗം എന്താണെന്ന് എനിക്കറിയാം. അതുതന്നെയാണെന്ന് അവരോട് പറയുകയൊന്നും വേണ്ട. ചികിത്സിച്ചതുകൊണ്ട് പ്രയോജനമില്ലെന്നറിയാം. പക്ഷെ ചികിത്സിക്കാ തിരിക്കാൻ പറ്റുമോ? അച്ഛൻ ആളു പെരുങ്കള്ളനാണ്. മകന് കഞ്ഞിവെച്ച് കൊടുത്തവൻ. ഒരുപാടു സമ്പാദിച്ചു കൂട്ടിയിട്ടുണ്ടാവും. ഇതുവരെ സ്വത്തൊന്നും മക്കളുടെ പേർക്ക് എഴുതിവെച്ചു കാണില്ല. രോഗം വന്നപ്പോൾ തന്നെ എങ്ങനെ നോക്കുന്നുവെന്ന് അറിഞ്ഞിട്ടുവേണം അതെഴുതിക്കൊടുക്കാൻ. അല്ലെങ്കിൽ അനാഥാലയത്തിനോ ആശ്രമ ത്തിനോ എഴുതിക്കൊടുക്കും. എന്റെ അവസ്ഥ നിങ്ങൾ ഒന്നാലോചിച്ചേ. രണ്ടു കള്ളൻമാർക്കിടയിൽ വേറൊരു കള്ളനായി ഞാനും! അച്ഛനും മകനും പറയുന്നതിന് അഡ്ജസ്റ്റുമെന്റായി ചെയ്യുന്നതാണ് പിന്നെ ചികിത്സ.

ഇവർക്ക് ചികിത്സയില്ല. രോഗം മാറുന്നത് ഇങ്ങനെ അഡ്ജസ്റ്റു ചെയ്തിട്ടൊന്നുമല്ല. ഇതൊക്കെ ഞാൻ പറഞ്ഞു തരേണ്ടതല്ലേ? അല്ലാതെ കുറെ മരുന്നും വിറ്റ് കാശു വാങ്ങി യിരുന്നാൽ പോരല്ലോ. അതുകൊണ്ട് ആരും ഇതിനൊന്നും മുതിരരുത്.

രോഗം മാറുന്നതിലെ മുഖ്യമായ പണി നിങ്ങൾക്കും ബന്ധുക്കൾക്കുമാണ്.

**രോ**ഗം വരുമ്പോൾ അവതരിപ്പിക്കുന്ന മറ്റൊരു താരമുണ്ട്. ജ്യോത്സ്യൻ. വീട്ടിലൊരാൾക്ക് രോഗം വന്നു. കുറച്ചുകാലം തുടർച്ചയായി ചികിത്സിച്ചിട്ടും അത് ഭേദമായില്ല. ഉടൻപോകും ജ്യോതിഷക്കാരനെ കാണാൻ. അവരാണെങ്കിൽ നോക്കിയിരിക്കുകയാണ് ഒരിര വന്നു വീഴാൻ. കവടി നിരത്തി ഒന്നു പിടിച്ചു വെച്ചു കഴിഞ്ഞാൽ ഉടനെ അയാൾ എല്ലാം അങ്ങ് കാണുകയായി.

അതുവരെ ഒരു കുഴപ്പവും ഇല്ലാതിരുന്ന വീടാണ്. പശുവും ആടും കോഴിയും അനുഷ്യരുമായി പത്തറുപതു കൊല്ലം ജീവിച്ചിരുന്ന കുടുംബം കൃഷിയും കച്ചവടവുമൊക്കെ തരക്കേടില്ലാതെ ചെയ്തു പോന്നിട്ടുണ്ട്. എന്നിട്ടാണ് ജ്യോതിഷി പറയുന്നത്, വീടിന്റെ സ്ഥാനം ശരിയല്ല. മുമ്പിൽ നിൽക്കുന്ന നന്നായി കായ്ക്കുന്ന മാവു രണ്ടും വെട്ടണം. തെക്കോട്ട് വാതിൽ പാടില്ല. നടക്കുതാഴെ പഞ്ചശിരസ്സു സ്ഥാപിക്കണം. എല്ലാം കൂടി ഒരു ഉശിരൻ കച്ചവടത്തിനു സ്കോപ്പുണ്ട്.

നാൽപ്പതോ അമ്പതോ വയസ്സുള്ള ജ്യോത്സ്യനാണ് വന്നിരുന്ന് പറയുന്നത്. അയാൾ കുത്തിയിരിക്കുന്ന ആവണിപ്പലകയ്ക്ക് അയാളേക്കാൾ പ്രായം ഉണ്ട്. അത് ആ വീട്ടിൽ ആയുസ്സറ്റുപോകാതെ കിടക്കുന്നു. ജ്യോത്സ്യൻ വെണ്ടക്കായിലോ വഴുതനങ്ങായിലോ ഇരിക്കുന്ന കാലത്ത് പ്രകൃതി മുളപ്പിച്ച മാവാണ് മുറ്റത്ത് നിൽക്കുന്നത്. സ്ഥലത്തെ വിവരമുള്ള ആശാരി സ്ഥാനം കണ്ട് ഇപ്പോഴത്തെ ജ്യോത്സ്യന്റെ അപ്പൂപ്പൻ ജ്യോത്സ്യൻ സമയം കുറിച്ചുകൊടുത്ത നേരത്ത് പത്തറുപത് വർഷം മുമ്പ് പണിയിച്ച വീടിനുള്ളിൽ ഇരുന്നായിരിക്കും ചിലപ്പോൾ അയാൾ ഇതൊക്കെ എഴുന്നള്ളിക്കുന്നത്. മുൻ തലമുറയേക്കാൾ ഇവർക്ക് കൂടുതൽ എന്തു പരിജ്ഞാനം ഉണ്ട്. ജ്യോതിഷത്തിലാണെങ്കിൽ പോലും? കമ്പ്യൂട്ടറൊക്കെ മേടിച്ചുവെച്ച്

നിങ്ങളെ പറ്റിക്കാനുള്ള വക്രബുദ്ധി കുറച്ച് കൂടിയിട്ടുണ്ടെന്നു വേണമെങ്കിൽ സമ്മതിക്കാം.

ജ്യോതിഷത്തിന്റെ സൂക്കേട് ഇവിടേയുമുണ്ട്. മുൻവശത്തെ ചെറിയമുറിയിൽ ഇരുന്നാണ് നേരത്തേ മരുന്നെഴുതി ക്കൊണ്ടിരുന്നത്. ചിലർക്കെങ്കിലും അതോർമ്മയുണ്ടാകും. രോഗിയുടെ ഒപ്പം വരുന്ന ബന്ധുക്കളൊക്കെ ഇടിച്ചുകയറി ഇടതികയാതെ വന്നപ്പോഴാണ് പുറകിലത്തെ വലിയ മുറിയിലേക്ക് മാറിയിരുന്നത്. അതിന് തെക്കു പുറത്തൊരു വാതിൽ വെച്ചു. അവിടെയിരുന്ന് മരുന്നെഴുതിക്കൊടുക്കാൻ തുടങ്ങിയ ആദ്യ ദിവസം ഒരമ്മാവനും മരുമകനും കൂടി വന്നു. ഒരുപാടു ബന്ധുക്കളെയും കൂട്ടി ഒരു ക്വാളിസിലാണ് വന്നത്. എല്ലാവരും കൂടെ കയറിവന്നു. മരുമകന് മരുന്നെഴുതി വാങ്ങിവെച്ചു. എന്നിട്ട് തെക്കുവശത്തെ വാതിൽ വഴി ഇറങ്ങിപ്പോയി. അവരെന്താ ചെയ്തതെന്നുവെച്ചാൽ ഇവിടെനിന്നും ഇറങ്ങിയപാടെ അമ്മാവൻ മരുമകനെ വിളിച്ചു പറഞ്ഞു ' നിന്റെ കാര്യം പോക്കാടാ' മരുമകൻ ആകെ വിഷണ്ണനായി നോക്കിയപ്പോൾ അമ്മാവൻ വിശദീകരിച്ചു കൊടുത്തു 'എടാ തെക്കോട്ടാ നീയെറങ്ങിയത്' പോരേ... ഇവിടെ വാതിൽ തെക്കുവശത്താണ് ഞങ്ങൾ അതത്ര ശ്രദ്ധിച്ചിരുന്നില്ല. ഇത്തരത്തിലുള്ള അമ്മാവന്മാരേയും കൊണ്ട് ആരെങ്കിലും വന്നിട്ടുണ്ടെങ്കിൽ തെക്കുപുറത്തുള്ള വാതിലിലൂടെ ഇറങ്ങിപ്പോയ്ക്കോണം. തെക്കു നിന്നും കിഴക്കോട്ട്. ഞങ്ങൾക്ക് തെക്കും വടക്കുമൊന്നുമില്ല. അതിനു കാരണം എല്ലാ തെക്കും വടക്കാണ്. എല്ലാ വടക്കും തെക്കാണ്. വടക്കു വശത്തു നിൽക്കുന്ന ആളിന്റെ തെക്ക് അയാളുടെ തെക്കുഭാഗത്തു നിൽക്കുന്നവന്റെ വടക്കാണ്. വിവരമുള്ളവന് അതറിയാം. അതുകൊണ്ട് ലോകത്തൊരിടത്തും തെക്കും വടക്കുമില്ല. കോട്ടയത്തിനു തെക്കാണ് ചങ്ങനാശ്ശേരി. വടക്കാണ് എറണാകുളം. അതേ കോട്ടയം എറണാകുളത്തിന് തെക്കാണ്. നോക്കുക ചങ്ങനാശ്ശേരിക്ക് വടക്കായ കോട്ടയം എറണാകുളത്തിന് തെക്കാണ്. ഏതാണ് തെക്ക്? ഏതാണ് വടക്ക് ? തെക്കും വടക്കുമൊക്കെ ആപേക്ഷികമാണ്.

അതുകൊണ്ട് മഷിനോട്ടം, ഹസ്തരേഖ, ഉറുക്കുകെട്ടൽ, മന്ത്രവാദം തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുക്കുന്നവർ ആ വഴിക്കു പോകണം. ഇവിടെ ചികിത്സക്കു വരുന്നവർ അതിലൊന്നും ചെന്നുചാടരുതെന്ന് നിർബന്ധമുണ്ട്. അതിനു കഴിയുന്നവർ ഇവിടെ നിൽക്കുക.

അല്ലാത്തവർ വെറുതെ മരുന്നിന് കാശു ചിലവാക്കാൻ നിൽക്കേണ്ട.

ഞങ്ങളുടെ തീരുമാനങ്ങളൊക്കെ ഞാൻ പറഞ്ഞു കഴിഞ്ഞു. ഇനി നിങ്ങൾക്കു വേണമെങ്കിൽ നിൽക്കാം. അല്ലെങ്കിൽ പോകാം. ഈ പറഞ്ഞതൊക്കെ പാലിക്കാമെങ്കിലേ നിൽക്കാവൂ.

നിങ്ങളിൽ ചിലരെയെങ്കിലും വരുമ്പോഴേ വിളിച്ചു വിടുമെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. അവർ ആദ്യം വരിക. ഇതു ഞാൻ പറയാതെ മരുന്നെഴുതാനിരുന്നാൽ അവർ അപ്പുറത്തു വന്ന് മുഖം കാണിക്കും. അല്ലെങ്കിൽ ആ ഇടനാഴിയിലൂടെ അസ്വസ്ഥരായി നടക്കും. പിന്നെയും ശ്രദ്ധിച്ചില്ലെങ്കിൽ മൊബൈൽ ഫോണെടുത്ത് എന്നോട് വിളിച്ചു പറഞ്ഞ ആളിനെ വിളിക്കും. ചെമ്മീൻ കച്ചവടക്കാരന്റെ ഈ ഉപകരണം ഇപ്പോൾ എല്ലാവന്റെയും കയ്യിലുണ്ട്. കടലിൽ കോരിനു പോകുന്നവർ അന്നത്തെ മീൻ ഏതാണെന്ന് ബ്രോക്കറെ നേരത്തെ അറിയിക്കാനാണ് ഈ സാധനം ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് അവരുടെ ബിസിനസ്സിനെങ്കിലും പ്രയോജനമുണ്ട്. നിങ്ങളുടെ കയ്യിലിരുന്നിട്ട് ആർക്കാ പ്രയോജനം? ചില ഉപദ്രവങ്ങൾ ഉണ്ടാക്കാമെന്നല്ലാതെ. നിങ്ങൾ പരിചയക്കാരനെ വിളിച്ചാലുടൻ അയാൾ തിരിച്ചുവിളിക്കും. രോഗികളെ നോക്കിക്കൊണ്ടിരിക്കുന്ന തിനിടയിലായിരിക്കും കോൾ വരുന്നത്. 'സ്വാമിക്കു സുഖ മൊക്കയല്ലെ? ഇപ്പോഴെന്തു ചെയ്യുന്നു? ഇനിയെന്നാണ് ഈ ഭാഗത്തേക്കൊക്കെ, ആരോഗ്യമൊക്കെ സൂക്ഷിച്ചോണേ' ഇങ്ങനെ അരമണിക്കൂർ സംഭാഷണമൊക്കെ കഴിഞ്ഞിട്ടു പറയും എന്റെ ഒരാൾ മുറ്റത്തു നിൽപ്പുണ്ട്. അയാളെ ഒന്ന് പെട്ടന്ന് നോക്കി വിട്ടേക്കണേ. ഇതു പറയാൻ അര മണിക്കൂറെടുക്കും. എന്തിനാ? നേരെ പറഞ്ഞാൽ നടക്കുമോ എന്ന പേടി കാരണം. അതിനൊന്നും ഇടയാക്കേണ്ട. പരിചയക്കാർ മുഖേന വന്നിട്ടുള്ളവർ ആദ്യം വരിക. ആവരെ വിട്ടു കഴിഞ്ഞ് ബാക്കിയുള്ളവരെ പേരെഴുതിയ ക്രമത്തിൽ വിളിക്കും. അതാകുമ്പോൾ പിന്നെ ഇടവാതിലും കിളിവാതിലും ഒന്നും ഇല്ല. ഒളിഞ്ഞുനോട്ടവും മൊബൈൽ വിളിയും വേണ്ട. നേരെ ഇങ്ങു കടന്നുവരാം. അതാണ് ആരോഗ്യത്തിന് നല്ലത്

പരിചയക്കാർ മുഖേന വന്നവർ ഒരു കാര്യ മനസ്സിലാക്കണം. പത്താമത് വന്ന് ഒന്നാമതായി പോകുമ്പോൾ അവർക്കു മുമ്പിലുള്ള ഒമ്പത് പേർ വിഷമിക്കും. രോഗം മാറാൻ അതെത്രത്തോളം നല്ലതായിരിക്കുമെന്ന് ആലോചിക്കുക. അതിനിടയാക്കാതെ പേരെഴുതിയ ഓർഡറിൽ വന്നാൽ നന്നായിരിക്കും.

ഇവിടെ ആദ്യമായിട്ട് വരുന്നവർക്ക് പഥ്യം അച്ചടിച്ച ഒരു കടലാസ് തന്നിട്ടുണ്ട്. അത് ശ്രദ്ധാപൂർവ്വം നോക്കുക. തൃപ്തികരമാണെന്ന് തോന്നിയാൽ മാത്രം നിൽക്കുക. അല്ലാത്തവർ അതിവിടെ തിരിച്ചേൽപ്പിച്ചിട്ട് പോകുക.

ഇങ്ങനെ പറഞ്ഞുകഴിയുമ്പോൾ ചിലരെ പിന്നീട് കാണാറില്ല. പഥ്യം കേട്ട് പേടിച്ച് പോയതായിരിക്കുമെന്ന് ആദ്യകാലത്ത് ഞങ്ങൾ വിചാരിച്ചു. പിന്നീടാണ് കാര്യം മനസ്സിലായത്. ഒന്നും രണ്ടും മാസം കഴിയുമ്പോൾ അവരിങ്ങനെ നിങ്ങളുടെ ഇടയിൽ നിൽക്കുന്നത് കാണാം. അല്ലെങ്കിൽ ഒരു ഫോൺ വിളി. സ്വാമിജി അന്ന് പറഞ്ഞത് മുഴുൻ കേട്ടു. കഴിച്ചുകൊണ്ടിരിക്കുന്ന മരുന്നുകൾ ഒരു രണ്ടായിരം മൂവായിരം രൂപയുടെ ഉണ്ടായിരുന്നു. അതങ്ങ് നിർത്തി. ആലോചിച്ചപ്പോൾ സ്വാമിജിയുടെ മരുന്ന് കഴിച്ചാലും കുറേ കാശുകൂടിയൊക്കെ ആകും. അത് വേണ്ടാന്നു വെച്ചു. പിന്നെ സ്വാമി പറഞ്ഞതുപോലെ ഉള്ള ചില്ലറയൊക്കെ ദാനവും ചെയ്തു. നല്ലകാര്യവും നോക്കി, നല്ല ആഹാരവും കഴിച്ച് ഒരുമാസവും കഴിഞ്ഞു. ഇപ്പോൾ കണ്ടില്ലേ ഉണ്ടായിരുന്ന രോഗം എല്ലാം പരിഭേദം പോയി. മരുന്നില്ലാതെ തന്നെ സ്വാമിജി പറഞ്ഞത് ശരിയാണെന്ന് ബോധ്യമായി. നല്ലമനസ്സ് വന്നപ്പോൾ രോഗം വിട്ടു. ഇപ്പോൾ വന്നത് കയ്യിൽ കുറച്ച് പൈസ ഉണ്ട്. അതിവിടെ തരണമെന്നുണ്ട്. പാവങ്ങൾക്കാർക്കെങ്കിലും സ്വാമിജി കൊടുത്താൽ മതി. ഇങ്ങനെ പറഞ്ഞുകൊണ്ടാണ് അവരുടെ തിരിച്ചുവരവ്

ഇപ്പോൾ ഇവിടെ നിൽക്കുന്ന ചിലർക്കെങ്കിലും ഇങ്ങനത്തെ തോന്നൽ ഉണ്ടായിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ളവർ ഉടനെ പോകണം. ഒട്ടും മടിക്കരുത്. അവരോടെനിക്ക് പറയാനുള്ളത്, അവസാനം അവരാ പൈസയും കൊണ്ട് ഇങ്ങു വരണ്ട. രോഗം മാറുമ്പോൾ നിങ്ങളുടെ നന്മയുടെ ഭാഗമായി ഉണ്ടാകുന്ന ധനം തൊട്ടു മുറ്റത്തു കാണുന്ന പാവത്തിനു നൽകുക. പുസ്തകം ഇല്ലാത്തവന് പുസ്തകം, കുടയില്ലാത്തവന് കുട, ഒരു പശുവിനെ വാങ്ങിച്ചുകൊടുത്താൽ ഒരു കുടുംബം പുലർന്നു പോകുമെങ്കിൽ ഒരു പശു. വിവാഹം കഴിക്കാതെ ഒരു പെൺകുട്ടി നിൽക്കുന്നുവെങ്കിൽ അവൾക്ക് ഒരു ചെറുക്കനെ കണ്ടുപിടിച്ച് കല്യാണച്ചെലവിൽ ഒരു പങ്ക് സഹായമൊക്കെയായി ആ പണം മാറുമെങ്കിൽ ഇങ്ങനെ ചെലവാകുന്ന പണം എനിക്കുതന്നെ വരുന്നതാണ്. എന്റെ അക്കൗണ്ടിലാണ് ആ പണം വരുന്നത്. ഞാൻ

ആശ്രമമൊന്നും ഉണ്ടാക്കിയിട്ടില്ല. പിരിവും ഇല്ല. ഇതൊരു വീടിന്റെ ഔട്ട്ഹൗസാണ്. ആ വീട്ടുകാർ ഒരു ഔദാര്യം ചെയ്തു തരുന്നതുകൊണ്ട് ഇതിവിടെയിരുന്ന് ചെയ്യുന്നെയുള്ളൂ. അവർക്ക് ഞാനുണ്ടാക്കുന്ന ഒരു പൈസയും ആവശ്യവുമില്ല. ചില വൈദ്യൻമാരും സഹായിക്കാൻ സന്മനസ്സുള്ള മറ്റു ചിലരും ചേർന്നാണ് ഔഷധങ്ങൾ ഉണ്ടാക്കിത്തരുന്നത് അതുകൊണ്ട് നയാപ്പൈസയും ചുമന്നുകൊണ്ട് ഇങ്ങോട്ട് വരേണ്ടതില്ല

നല്ല ജിവിതം തിരെഞ്ഞെടുത്ത് പഥ്യവും നോക്കി ദാനവും ചെയ്ത് സ്വസ്ഥമായിരുന്നുകളയാമെന്ന് തീരുമാനിച്ച് ആരെങ്കിലും ഇപ്പോൾ പോയി രോഗവും മാറിയാൽ, ആ ധനം അങ്ങനെ ഉദ്ദേശിക്കുന്നത്, തൊട്ടടുത്ത് കാണുന്ന പാവത്തിന് നേരിട്ട് കൊടുത്താൽ അതുടനെ എന്റെ അക്കൗണ്ടിലേക്ക് പോന്നുകൊള്ളും. ഒരു സംശയവും ഇതിനു വേണ്ട. മനസ്സിലായോ?

നിങ്ങൾക്ക് കേൾക്കുവാനുള്ളതെല്ലാം ഞാൻ പറഞ്ഞു കഴിഞ്ഞു എന്നാണെനിക്ക് തോന്നുന്നത്. ഇനി ക്രമമനുസരിച്ച് ഓരോരുത്തരായി അകത്തേക്ക് വരിക.



അക്ഷരക്കഷായം സമാപ്തം.

# Karuna Foundation

(Public Charitable Trust)

Reg No. 184/05

Paliyil Madam, Palappuram P.O.,
Ottapalam, Palakkad Dist. -679 103
Ph : 0466 - 2247144
E-mail : karuna.palayil@gmail.com


---


# കരുണ ഫൗണ്ടേഷൻ

( പബ്ലിക് ചാരിററബിൾ ട്രസ്റ്റ് )

Reg No. 184/05

പാലിയിൽ മഠം, പാലപ്പുറം പി. ഒ., ഒറ്റപ്പാലം,
പാലക്കാട് ജില്ല - 679 103
Ph : 0466 - 2247144
E-mail : karuna.palayil@gmail.com


---


for Private cerculation only
Karuna Foundation